# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

**തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.**

പുസ്തകം 23 | മെയ് 2018 | ലക്കം 5

***രക്ഷാധികാരികൾ***
മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
***സഹരക്ഷാധികാരി***
വെരി.റവ.മോൺ.യൂജിൻ എച്ച്. പെരേര
***പത്രാധിപ സമിതി***
റവ. ഡോ. എഡിസൺ വൈ.എം
റവ. ഡോ. യേശുദാസൻ മത്യാസ്
റവ. ഫാ. ശാന്തപ്പൻ
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഫാ. എ.ആർ ജോൺ
റവ. ഫാ. ലെനിൻ രാജ്
ശ്രീ.ആർക്കാഞ്ചലോ.എം.
റവ. ഡോ. മൈക്കിൾ തോമസ്
റവ. ഫാ. ലെനിൻ ഫെർണാണ്ടസ്
***സഹപത്രാധിപർ***
ശ്രീ. പീറ്റർ കട്ടികാട്ട്
***കവർ & ലേ-ഔട്ട്***
ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- വിലയിരുത്തി മുന്നോട്ട് (എഡിറ്റോറിയൽ)
- ആർച്ച് ബിഷപ്പ്സ് ഡയറി - മെയ്
- ബിഷപ്പ്സ് ഡയറി - മെയ്
- വിജ്ഞാപനം: മെയ്ദിന സന്ദേശം - 2018
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി: ഫെറോനകളിൽ
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- കെ.സി.വൈ.എം.ജീസസ്സ് യൂത്ത് സംയുക്തയോഗം
- ത്രിഭാഷാജ്ഞാന പരിപോഷണ പരിപാടി 2017 - 2018
- സാമൂഹ്യ ശുശ്രൂഷ
- കെ.എൽ.സി.ഡബ്ല്യു,എ.യുടെ പ്രതിഷേധ കൂട്ടായ്മ

# വിലയിരുത്തി മുന്നോട്ട്...

ശുശ്രൂഷകൾ ഇടവകകളിൽ കൂടുതൽ ഫലവത്തായി പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഫൊറോനാ കേന്ദ്രീകൃത മേൽനോട്ടത്തിൽ നാം ഏറെക്കുറെ പൂർത്തിയാക്കി കഴിഞ്ഞു. പുതിയ ക്രമീകരണ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏപ്രിൽ ഒന്നു മുതൽ ആരംഭിച്ചു. ഫെബ്രുവരി മാസത്തിൽ എല്ലാ ഫൊറോനകളിലും പരിശീലനവും, കരട് പദ്ധതി-ബജറ്റ് രേഖ രൂപീകരണ സെഷനുകളും സംഘടിപ്പിച്ചതിന്റെ പശ്ചാത്തല ത്തിലാണ് ഈ വർഷം ഇടവക-ഫൊറോന തലങ്ങൾ പദ്ധതിയും ബജറ്റും തയ്യാറാക്കിയത്. ഇതിൽ, ഇടവകതല പദ്ധതി-ബജറ്റ് രേഖകൾക്ക് അതാത് ഫൊറോന സമിതികളാണ് പ്രവർത്തനാനു മതി നല്കിയിട്ടുള്ളത്. ശുശ്രൂഷകളുടെ ഫൊറോനതല വാർഷിക പദ്ധതിരേഖകൾ പരിശോധിച്ച് ബന്ധപ്പെട്ട അതിരൂപതാ ഡയറക്ട ർമാരും പ്രവർത്തനാനുമതി നല്കി. പ്രവർത്തനാനുമതി ലഭിച്ച പദ്ധതിരേഖകളനുസരിച്ച് ഇടവക-ഫൊറോന തലങ്ങളിൽ കർമ്മപരിപാടികൾ നടന്നുവരികയാണല്ലോ.

ധാരണയനുസരിച്ച്, പ്രതിമാസം രണ്ടാം ബുധനാഴ്ച എല്ലാ ഫൊറോനകളിലും ശുശ്രൂഷാ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി മുന്നോട്ടുപോകണമെന്നാണ്. ഇതു പ്രകാരം, മെയ് 09 ബുധനാഴ്ച വിലയിരുത്തൽ ദിനമാണ്. ഈ വിധത്തിൽ ആദ്യമായി നടക്കുന്ന വിലയിരുത്തൽ ഫലവത്താക്കുന്നതിന് ഈയിടെ ഉണ്ടാകുന്ന വൈദികരുടെ സ്ഥലം മാറ്റം ഒരു കാരണവശാലും തടസ്സമാകാതിരിക്കാൻ ബന്ധപ്പെട്ടവർ വേണ്ടത്ര മുൻകരുതലോടെ ക്രമീകരണം നടത്തേണ്ടതുണ്ട്; ഉത്തരവാദപ്പെട്ടവർ മാറിവരുന്ന സന്ദർഭത്തിലും, പ്രവർത്തനത്തിനും ഉത്തരവാദിത്വ നിർവ്വഹണ ത്തിനും ഭംഗംവരില്ലെന്ന് ഉറപ്പാക്കുന്നതാകണം നമ്മുടെ സംവിധാന ക്രമീകരണം.

വിലയിരുത്തലിനു മുമ്പായി ഉറപ്പുവരുത്തേണ്ട മറ്റൊന്നാണ്, വിലയിരുത്തപ്പെടേണ്ട പ്രവർത്തന പദ്ധതി രേഖയുടെ പകർപ്പ് ബന്ധപ്പെട്ട എല്ലാവരുടെയും കൈവശം ഉണ്ട് എന്നത്.



എല്ലാ ഫൊറോനകളും ശുശ്രൂഷകളുടെ ഫൊറോനതല പ്രവർത്തന പരിപാടി അതിരൂപതാകേന്ദ്രത്തിൽ ഏല്പിച്ചിട്ടുണ്ട്; എന്നാൽ, വിവിധ ശുശ്രൂഷകളുടെ ഒരുമിച്ചുള്ള ഫൊറോനതല consolidated budget, അതിനായുള്ള ഫോർമാറ്റിൽ തയ്യാറാക്കിയത്, ഫൊറോന വികാരിമാർ ഏല്പിക്കേണ്ടതുണ്ട്. കൂടാതെ, ഓരോ ഇടവകയ്ക്കും ഫൊറോന സമിതി പ്രവർത്തനാനുമതി നല്കിയ വാർഷിക പദ്ധതി-ബജറ്റ് രേഖകളുടെ രണ്ടു പകർപ്പുകൾ അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കാനും ഫൊറോന വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

ശുശ്രൂഷകളെ ഇടവകകളിൽ ഊർജിതമാക്കുന്നതിനു വേണ്ടി, ഫൊറോന വൈദിക കോഓർഡിനേറ്റർ തന്റെ ഉത്തര വാദിത്വത്തിലുള്ള ശുശ്രൂഷയ്ക്ക് ഫൊറോനയിലെ എല്ലാ ഇടവക കളിലും പ്രത്യേക ശ്രദ്ധ നല്കുന്നവിധമാണ് ഇപ്പോഴുള്ള നമ്മുടെ ക്രമീകരണം. ഇതുവഴി, പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ജനങ്ങളിൽ ഫലപ്രദമായി എത്തിക്കുന്നതിലുമുള്ള ആനിമേറ്റർ മാരുടെയും മറ്റ് ശുശ്രൂഷാ ഭാരവാഹികളുടെയും ഇടപെടൽ രീതിയും കാര്യക്ഷമതയും മറ്റും തുടക്കം മുതലേ വിലയിരുത്തി, തിരുത്തി മുന്നോട്ടു പോകാനുള്ള ആർജവം ബന്ധപ്പെട്ട എല്ലാ വരിൽനിന്നും പ്രതീക്ഷിക്കുന്നു.

ഫലപ്രദമായ സുവിശേഷവല്ക്കരണമെന്ന ആത്യന്തിക ലക്ഷ്യത്തോടെ വിവിധ ശുശ്രൂഷകളുടെ ശക്തീകരണത്തിനും ഫലപ്രാപ്തിക്കുമായി പരിശ്രമിക്കുന്ന ഏവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**പ്രാർത്ഥനയോടെ, സ്നേഹത്തോടെ,**

**ക്രിസ്തുദാസ് ആർ.**
സഹായ മെത്രാൻ,
കോഓർഡിനേറ്റർ, അതിരൂപതാ ശുശ്രൂഷകൾ

## ARCHBISHOP'S DIARY, MAY 2018

| | | | |
|---|---|---|---|
| 01 | TUE to 04 FRI | | CBCI Standing committee at Bangalore |
| 05 | SAT | 11.00 am | Marriage Blessing, Palayam |
| 06 | SUN | 09.00 am | Confirmation, Neerody |
| | | 06.00 pm | Feast day Eucharistic Celebration, Puthiyathura |
| 07 | MON | 11.00 am | Marriage Blessing, Vettucaud |
| 12 | SAT | 10.00 am | Final Profession, CCR Sisters Palayam |
| 13 | SUN | | PASTORAL VISIT, ST. ANDREWS |
| 15 | TUE | 05.30 pm | Confirmation, Pulluvila |
| 20 | SUN | 08.00 am | Confirmation, Valiathura |
| | | 05.00 pm | Church Blessing, Malamukal |
| 24 | THU | | KRLCBC, Vijayapuram |
| 26 | SAT | 03.00 pm | Archdiocesan Catechism Anniversary |
| 27 | SUN | | PASTORAL VISIT, Mudavanmughal |
| | | | KCBC Doctors Forum Meeting |
| | | 06.00 pm | Concluding Ceremony, Ananthapuri Bible Convention |
| 30 | WED | 04.00 pm | Blessing of New Building, TSSS Vellayambalam |

**Fr. Judit Pious Lawrence**
Secretary to Archbishop



## AUXILIARY BISHOP'S DIARY, MAY 2018

| | | | |
|---|---|---|---|
| 01 | TUE | 10.00am | Feast Day Eucharistic Celebration, Kazhakuttom |
| | | 06.00 pm | Feast Day Eucharistic Celebration, Koithurkonam |
| 04 | FRI | | SELECTION CAMP, ST. VINCENT SEMINARY |
| 05 | SAT | 11.00 am | Silver Jubilee Celebration, Santa Maria |
| 06 | SUN | 05.00 pm | HOME MISSIOM: Conclusion, Fathima Kazhakuttom |
| 07 | MON | 09.00 am | Feast Day Eucharistic Celebration, Edathwa |
| 12 | SAT | 11.00 am | Marriage Blessing, Veli |
| | | 03.30 pm | Catechism Anniversary, Pettah Forane |
| 13 | SUN | 10.30am | Feast Day Eucharistic Celebration, Vennicode |
| 17 | THU | 11.30 am | Blessing of Tailoring Units, St. Ann's Njandurkonam |
| 22 | TUE | 10.30 am | Silver Jubilee Celebration, St. Roch's Convent Thope |
| 24 | THU | | KRLCBC, Vijayapuram |
| 30 | WED | 11.00 am | Marriage Blessing, Vettucaud |
| | | 04.00 pm | Blessing of New Building, TSSS Vellayambalam |

**Fr. Judit Pious Lawrence**
Secretary to Archbishop

**തിരുവനന്തപുരം അതിരൂപത ഗസറ്റ്**

*No. 007/2018/CL* ***വിജ്ഞാപനം*** *Dated: 23.04.2018*

# *മെയ് ദിന സന്ദേശം - 2018*

വന്ദ്യവൈദീകരേ, പ്രിയമക്കളെ,

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ ഔസേപിതാവിന്റെ തിരുനാൾ ദിനമാണല്ലോ മേയ് ഒന്ന്. ഈ ദിനം തന്നെയാണ് അന്താരാഷ്ട്ര തൊഴിലാളിദിനമായും നാം ആഘോഷിക്കുന്നത്. ഈ നല്ല നാളിന്റെ ആശംസകൾ സ്നേഹപൂർവ്വം എല്ലാവർക്കും നേർന്നു കൊള്ളുന്നു.

ഓരോരുത്തരും അവരുടെ തൊഴിലിലൂടെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നു എന്നത് തൊഴിലിന്റെ മഹത്വത്തെ വിളിച്ചോതുന്ന കാര്യമാണ്. അതോടൊപ്പം നെറ്റിയിലെ വിയർപ്പുകൊണ്ട് ആഹാരത്തിനുള്ള വക കണ്ടെത്തുകയും കുടുംബത്തെയും സമൂഹത്തെയും പടുത്തുയർത്തുകയും ചെയ്യുന്നു. എല്ലാം നന്നായിരിക്കുന്നു എന്ന ദൈവത്തിന്റെ നിറവിന്റെയും സംതൃപ്തിയുടെയും വചനം ഓരോ തൊഴിലാളിയുടെയും ജിവിതത്തിൽ അന്വർത്ഥമാകുന്നത് തൊഴിലിന്റെ സൃഷ്ടിവൈഭവത്തിലൂടെയാണ്. ക്രിസ്തു എന്റെയും നിങ്ങളുടെയും രക്ഷകനും നാഥനുമായിരുന്നിട്ടും, നസ്രത്തുകാർ അവനെ മനസിലാക്കിയത് അവന്റെ തൊഴിലിലൂടെയാണ്. അവർ യേശുവിനെ മരപ്പണിക്കാരനെന്നും



(മാർക്കോ. 6:3) മരപ്പണിക്കാരന്റെ മകനെന്നു (മത്താ. 13:56) മാണ് വിളിച്ചിരുന്നത്. റേരും നോവാരും മുതലുള്ള തിരുസ്സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിന്റെ മഹത്വത്തെക്കുറിച്ചും തൊഴിലാളികളുടെ കടമയും അവകാശങ്ങളും വിശദമായി പഠിപ്പിക്കുന്നുണ്ട്.

നമ്മുടെ രാജ്യത്തെ തൊഴിൽ സാഹചര്യം ഓരോ നാൾ കഴിയുമ്പോഴും മോശമായികൊണ്ടിരിക്കുകയാണ്. 93 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, തൊഴിലുറപ്പ് എന്നിവയുടെ സംരക്ഷണം ജലരേഖയായി തുടരുന്നു. നോട്ടു നിരോധനം, വേണ്ടത്ര മുൻകരുതലില്ലാതെയുള്ള ജി.എസ്.ടി നടപ്പാക്കൽ, കാർഷിക-മത്സ്യമേഖലയിലെ തകർച്ച, ഇന്ധനവിലയിലെ വൻ വിലകയറ്റം സ്വത്തിന്റെ കേന്ദ്രീകരണം, അഴിമതി, സ്വജന പക്ഷപാതം തുടങ്ങിയ നിരവധി കാര്യങ്ങൾ സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ദുരിതത്തിൽനിന്നും ദുരിതത്തിലേക്ക് തള്ളിവിടും.

നമ്മുടെ കടൽത്തീരം കണ്ട ഏറ്റവും വലിയ ചുഴലിക്കാറ്റ് കഴിഞ്ഞ നവംബർ 29 ന് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റാണ്. ഇത് പ്രധാനമായും തകർത്തു കളഞ്ഞത് നമ്മുടെ അതിരൂപതയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ്. മാസങ്ങൾ കഴിഞ്ഞിട്ടും തീരം തീരാദു:ഖത്തിലും നഷ്ടത്തിലും ഞെട്ടലിലുമാണ്. ഉത്തരവാദപ്പെട്ടവരുടെ കാലാകാലങ്ങളിലുള്ള അവഗണനയുടെയും നിസംഗതയുടെയും തെളിവാണ് 300 ഓളം മത്സ്യത്തൊഴിലാളികളുടെ ജീവൻ കവർന്നത്. ഇതോടനുബന്ധിച്ചു ചില വാഗ്ദാനങ്ങളെല്ലാം ഇനിയും വേണ്ടവിധത്തിൽ നടപ്പിലാക്കിയിട്ടില്ല.

തൊഴിലിടങ്ങളിൽ മൂലധനത്തെക്കാളും, പശ്ചാത്തല സൗകര്യങ്ങളെക്കാളും, അസംസ്കൃത പദാർത്ഥങ്ങളേക്കാളും പ്രാധാന്യം തൊഴിലാളികൾക്കു വേണമെന്നു ലിയോ 13-ാം പാപ്പ പഠിപ്പിക്കു

ന്നു. സാധാരണക്കാരായ നമ്മുടെ മത്സ്യത്തൊഴിലാളി സഹോദര ങ്ങളും അവരുടെ കുടുംബങ്ങളുമാണ് ഏറ്റവും പ്രധാനം. അവരുടെ തൊഴിൽ സുരക്ഷയ്ക്കും വേതനത്തിനും ആനുകൂല്യങ്ങൾക്കും വേണ്ടി പൂർവ്വധികം ശക്തിയോടെ ശബ്ദമുയർത്തി അവരെ സമൂ ഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ നമ്മളും കടപ്പെട്ടവരാണ്.

ഏത് തൊഴിലിലേർപ്പെട്ടാലും അതിൽനിന്ന് ലഭിക്കുന്ന വേതനം നമുക്കു മാത്രമാവകാശപ്പെട്ടതല്ല എന്ന ഉത്തമബോധ്യ ത്തോടെ കുടുംബങ്ങളുടെയും സമൂഹത്തിന്റെയും പ്രത്യേകിച്ച് അവ ശർക്കും ആലംബഹീനർക്കും കൂടെ അതിന്റെ ഓഹരി ലഭിക്കാൻ തക്കവിധം തൊഴിലാളികൾക്ക് ഹൃദയവിശാലതയിൽ തൊഴിലിന്റെ മനോഹാരിതയും മഹത്വവും ദർശിക്കാൻ കഴിയട്ടെ എന്ന് ആശം സിക്കുന്നു !

ജീവിതത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്രത്തിൽ ചെലവഴിച്ച യേശു തന്റെ കാല്പാടുകൾ തൊഴിലി ലൂടെ പിന്തുടരാൻ എല്ലാവരേയും ക്ഷണിക്കുന്നു. (ഫ്രാൻസീസ് പാപ്പ, നവംബർ 23, 2017)

ഒന്നുകൂടി തൊഴിലാളി ദിനത്തിന്റെ ആശംസകൾ നേരുന്നു. നീതിമാനായ വി.ഔസേപ്പ് പിതാവിന്റെ മാദ്ധ്യസ്ഥം എല്ലാ തൊഴി ലാളികൾക്കും തുണയാകട്ടെ.

സ്നേഹപൂർവ്വം,

വെള്ളയമ്പലം — **സൂസപാക്യം എം.**

23. 04. 2018 — അതിരൂപത മെത്രാപ്പൊലീത്ത

*NB: ഈ വിജ്ഞാപനം 2018 ഏപ്രിൽ മാസം 29 തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരി ക്കേണ്ടതാണ്.*





# MAY 2018

## BIRTHDAYS

| | |
|---|---|
| 1. Rev. Fr. Joseph Pereira | 05.05.1942 |
| 2. Rev. Fr. Sabu Konath OSJ | 05.05.1967 |
| 3. Rev. Dr. Chandy Paul Chettukulam SAC | 09.05.1954 |
| 4. Rev.Fr. Joseph Chiraparambil, S.J | 09.05.1936 |
| 5. Rev. Fr. Christy D'Cruz | 10.05.1943 |
| 6. Rev. Dr. Sujan Amurutham | 11.05.1970 |
| 7. Rev Fr. Paulose Vazhakala OCD | 12.05.1950 |
| 8. Rev. Fr. Francis Assisi John Sumesh | 12.05.1986 |
| 9. Rev. Fr. Baby Bevinson | 13.05.1974 |
| 10. Rev. Fr. Mathews Mukalayil CMF | 13.05.1979 |
| 11. Rev. Fr. Wilfred V. | 13.05.1964 |
| 12. Rev. Fr. Biju Joy S. J. | 15.05.1978 |
| 13. Rev. Fr. Justin Francis OFM Cap | 15.05.1978 |
| 14. Rev. Fr. Kuriyappilly Christopher, C.Ss.R., | 15.05.2004 |
| 15. Rev. Fr. Prabal Joseph Pereira | 17.05.1984 |
| 16. Rev. Fr. Reni Rudolf | 17.05.1984 |
| 17. Very Rev. Fr. Ignaci Rajasekaran | 18.05.1970 |
| 18. Very Rev. Fr. Johny Puthenveettil IV Dei | 18.05.1975 |
| 19. Rev. Fr. Rojan S. Robert | 20.05.1990 |
| 20. Rev. Fr. Solomon Elias Arresseril | 20.05.1970 |
| 21. Very Rev. Fr. Syrus B. Kalathil | 20.05.1968 |
| 22. Rev Fr. Wingston V | 22.05.1984 |
| 23. Rev. Fr. Beed Manoj Amado | 22.05.1969 |
| 24. Rev. Fr. Jose Suresh Ofm, Cap. | 22.05.1978 |
| 25. Rev. Fr. Cleetus Vincent | 23.05.1974 |
| 26. Rev. Fr. Arokyadas O.de.M | 24.05.1982 |
| 27. Rev. Fr. Prabin S.M. | 27.05.1986 |
| 28. Rev. Fr. Ginu Cleetus C.Ss.R | 28.05.1982 |
| 29. Rev. Fr. Jenisten | 28.05.1975 |
| 30. Very Rev. Msgr. Nicholas T. | 30.05.1961 |
| 31. Rev. Fr. L .Xavier CMF | 30.05.1965 |
| 32. Rev. Fr. Joseph Roy, Ofm Cap | 30.05.1973 |
| 33. Rev. Fr. Dominic Koottianiyil CMf | 31.05.1980 |

## ORDINATION DAYS

| | |
|---|---|
| 01. Rev. Fr. Williams Christopher, S.J. | 01.05.1983 |
| 02. Rev. Fr. Ferdinand Franco SAC | 04.05.2014 |
| 03. Rev. Dr. Dyson Y. | 05.05.1999 |
| 04. Rev. Fr. Laberin Yesu R | 06.05.1995 |
| 05. Rev. Fr. L .Xavier CMF | 06.05.1997 |
| 06. Rev. Fr. Kennedy | 10.05.2015 |
| 07. Rev Fr. Mathias O.de.M. | 13.05.2016 |
| 08. Rev. Fr. Abraham Thylammanal SAC | 14.05.1994 |
| 09. Rev. Fr. Christopher C.Ss.R., | 15.05.2004 |
| 10. Rev Fr. Paulose Vazhakala OCD | 18.05.1980 |
| 11. Rev. Fr. Davis Edakalathur SAC | 18.05.1990 |
| 12. Very Rev. Fr. Mathew Augustine Thonickal | 20.05.1989 |
| 13. Rev. Fr. Paul Babu IC | 20.05.2008 |
| 14. Rev. Fr. Mathew Thottathil CMF | 28.05.2007 |
| 15. Rev. Fr. S. Subash O.de.M. | 09.05.2014 |

## DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. Francis Borgia Peter | 02.05.2008 |
| 2. Rev. Fr. Rocky Fernandez | 06.05.1989 |
| 3. Rev. Fr. Constantine OCD | 07.05.1967 |
| 4. Very Rev. Dr. Peter Gonsalvez | 11.05.2001 |
| 5. Rev. Fr. Cyril D'Costa | 14.05.1979 |
| 6. Rev. Fr. Nobert OCD | 14.05.1968 |
| 7. Rt. Rev. Msgr. James Amado | 15.05.2002 |
| 8. Rev. Fr. Anthoniar Pillai | 26.05.2007 |
| 9. Rev. Fr. Pius OCD | 28.05.1962 |
| 10. Rev. Fr. Chinnappan X | 31.05.2001 |



## PERPETUAL DAY ADORATION

| | |
|---|---|
| 1. St. Lucia's Church, Eraimanthura | 02.05.2018 |
| 2. St. Peter's Church, Kannanthura | 15.05.2018 |

## HEARTY WELCOME TO THE PRESBYTERIUM & CONGRATULATIONS

Our hearty Congratulations to the newly Ordained Priests Rev. Fr. Rajeesh V Rajan., and Rojan S. Robert we wish them a joyful and fruitful ministry in their Priesthood.

Prot. No.2018/AB/208 23 April 2018

To all the Christian faithful in the Archdiocese of Trivandrum,

**DECREE ON THE CELEBRATION OF THE MEMORIAL OF THE BLESSED VIRGIN MARY, MOTHER OF THE CHURCH**

By virtue of the Decree from the Congregation of Divine Worship and Discipline of the Sacraments *"On the celebration of the Blessed Virgin Mary Mother of the Church in the General Roman Calendar"*, on 11 February 2018, the memorial of the Blessed Virgin Mary of Lourdes, we are asked to observe the Monday after Pentecost, as an obligatory **Memorial of the Blessed Virgin Mary, Mother of the Church,** every year which is affirmed by Pope Francis and explained in detail with "Notification" of the *Memoria* on 24 March 2018 from the same Congregation. This year the *Memoria* falls on **21 May 2018**, you may take necessary care to celebrate the *Memoria* by choosing the proper prayers for the celebration of Mass and of the Liturgy of the Hours.

Yours in Jesus and Mary,

**† Soosa Pakiam M.,**
Archbishop of Trivandrum





## CANONICAL POSSESSION OF A PASTOR (CAN. 527) IN THE LATIN ARCHDIOCESE OF TRIVANDRUM

Canonical Possession of a pastor-appointee shall be done by the proper Vicar Forane as a delegate of the Archbishop or by another priest nominated by the diocesan bishop.

**BEFORE CANONICAL POSSESSION**

1. After getting the order of appointment the pastor-appointee conveniently meets the outgoing pastor and inspects various records of the parish.
2. The time and hour of the installation shall be communicated to the parishioners the Sunday before and they shall be invited to be present at the function. on the fixed day, the people shall be summoned to the church by the ringing of bells

**RITE OF CANONICAL POSSESSION**

1. Before beginning the Ceremony, place the Bible and Keys of Tabernacle and or the church on the altar. Complete the necessary blanks in *Canonical Possession Form no. 5* (CP-5/5) on Attestation of the Canonical Possession, and find two witnesses for signing.

2. The Rite begins with procession from the sacristy/ entrance of the church in the following order: Altar servers with crucifix and candles, other clergy, outgoing pastor, the pastor-appointee and the delegate of the Archbishop in surplice and stole.
3. Hymn to the Holy Spirit
4. After bowing the Tabernacle, the delegate takes the presidential Chair and the pastor-appointee nearby
5. The ceremony begins with sign of the Cross and greeting by the delegate
6. The outgoing pastor/ the delegate invites all to the ceremony
7. The Delegate invites the pastor-appointee to make the Profession of Faith (CP-3) and Oath of Fidelity (CP-4) by touching the Bible and signs forms
8. *While the community is seated* – The Delegate reads the Order of appointment (PA-2)

The Delegate then (seated), reads ക്രീസ്തുവിൽ നമ്മുടെ പിതാവായ തിരുവനന്തപുരം മെത്രാപ്പോലീത്ത എനിക്ക് നിയോഗിച്ച് നല്കിയിരിക്കുന്ന അധികാരത്താൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടവകയുടെ വികാരി സ്ഥാനം അതിന്റെ എല്ലാ അവകാശങ്ങളോടും ഉത്തരവാദിത്വങ്ങളോടും കൂടെ ഞാൻ അങ്ങേക്ക് നല്കുന്നു.



The Delegate presents to the pastor-appointee the keys of the Church/ tabernacles saying: 1. ദൈവഭവനത്തിന്റെ ഭവ്യതക്ക് അനുയോജ്യമായി ദൈവാലയവും ദിവ്യവസ്തുക്കളും സംരക്ഷിക്കുന്നതിന് ദൈവാലയത്തിന്റെ താക്കോലുകൾ സ്വീകരിക്കുക .

1. The Delegate reads the attestation of the Act of possession (CP-5). *This is made in duplicate and signed by the New Pastor and the Delegate and two Priests present as witnesses and sealed with the parish seal.*
2. The Delegate addresses the people in a few words introducing the New Pastor
3. The New Pastor addresses briefly the people and imparts them his blessing.
4. The Ceremony ends with the Benediction of Blessed Sacrament by the new Pastor, if not followed by Holy Eucharistic Celebration.

**After Canonical Possession**

The following five documents shall be sent to the Chancery of the archdiocese.

1. The Attestation of the Act of Possession (CP- 5) - Make a copy and keep in the parish Archives, the original is to be returned to the Chancery

2. Forms of Profession of Faith and Oath of Fidelity in original are to be returned to the Chancery (CP-3; CP-4)
3. Handing Over and Taking Over Report (CP-2) - Original to Chancery and (Make 4 copies) copies to Parish Archives, Forane Office, New pastor and the Outgoing pastor
4. Notification by the Delegate about the Canonical Installation (CP-1a) and of the observance of the Rite of Canonical Possession (given below) to be filled and send to the Archbishop / Chancery.

*CP – Canonical Possession Form*

*PA – Parish Appointments Form*

**Rev. Dr. Edison Yohannan**
Chancellor





## Metropolitan Tribunal News
## April – 2018

| | | |
|---|---|---|
| Number of Cases at the beginning of 2018 March | - | 223 |
| Received Cases in the Month of April | - | 009 |
| Total | = | 232 |
| Decreed Cases | - | 10 |

Balance Cases = 232-10 = 222

## Decreed Cases – 10

1. Case No: MTLAT/06/2013 between Asha and Lawrencez
2. Case No: MTLAT/61/2013 between Catherin Anitha and Abhilash
3. Case No: MTLAT/38/2014 between Gency (Iby) and Visithor
4. Case No: MTLAT/97/2016 between Deepa and Arun DAS
5. Case No: MTLAT/83A/2017 between Roshini and P.R. Jose
6. Case No: MTLAT/48/2016 between Jini Joseph and Jose Raj
7. Case No: MTLAT/87/2016 between Jose and Reeja
8. Case No: MTLAT/89/2016 between Raju A. Fernandez and Vijimol Vincent
9. Case No: MTLAT/94/2016 between Roshni and Alwin.
10. Case No: MTLAT/76/2016 between Sheeja and Anil Kumar

**Fr. Gladin Alex**
Judicial Vicar

# ബിസിസി ഫെറോനകളിൽ

## അഞ്ചുതെങ്ങ് ഫെറോന

**ഫെറോനാതലം**

ഉത്ഥിതനായ യേശുവിന്റെ സമാധാനവും ശാന്തിയും ആശംസിക്കുന്നു!

ഫെറോനയിലെ 11 ഇടവകളും തപസുകാലത്തെ എല്ലാ വെള്ളിയാഴ്ചയും ദേവാലയത്തിലും യൂണിറ്റ്-വാർഡ് തലങ്ങളിലും ഭക്തി നിർഭരമായ കുരിശിന്റെ വഴി നടത്തുകയുണ്ടായി. ഓശാന ഞായറാഴ്ച ഫെറോന തലത്തിൽ 6 ഇടവകകൾ മാമ്പള്ളിയിൽ നിന്നും 5 ഇടവകകൾ പൂന്തുറയിൽ നിന്നും ആരംഭിച്ച പരിഹാര ശ്ലീവാപാത അഞ്ചുതെങ്ങ് ഗ്രൗണ്ടിൽ എത്തിച്ചേർന്നതിനുശേഷം അതിരൂപതാ ശുശ്രൂഷാ, അജപാലന ഡയറക്ടർ ബഹു.ലോറൻസ് കുലാസ് അച്ചന്റെ സമാപന സന്ദേശം ഉണ്ടായിരുന്നു. ബഹു.ഫെറോനവികാരി ബാസ്ക്കരൻ അച്ചന്റേയും ബഹു. ടോണി ഹാംലെറ്റ് അച്ചന്റേയും നേതൃത്വത്തിൽ നടന്ന പ്രാർത്ഥന കർമ്മങ്ങൾ ജനങ്ങൾക്ക് ആത്മ പരിശോധന നടത്തി, ചെയ്തുപോയ പാപങ്ങളെ ഓർത്ത് പശ്ചാത്തപിക്കാനും, കത്താവിന്റെ പൂഡാ സഹനത്തിൽ പങ്കുചേരുവാനുള്ള ഒരു ഉത്തമ അവസരമായിരുന്നു. എല്ലാ ഇടവക വികാരിമാരും, ദൈവജനവും സജീവമായി പങ്കെടുത്തു.

**ഇടവകതലം:**

**അയിരൂർ:** സെന്റ് തോമസ് ഇടവകയിൽ ജനറൽ ബോഡി യോഗം ഏപ്രിൽ 8, 2018 ഞായറാഴ്ച 4 മണിക്ക് ബഹു. അലക്സ് പീറ്റർ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു. എല്ലാ മാസത്തിന്റെയും അവസാന ഞായറാഴ്ച ജനറൽ ബോഡി കൂടി. ബിസിസി റിപ്പോർട്ട് അവതരിപ്പിക്കണം എന്നു തീരു



മാനിച്ചു. യോഗത്തിൽ ഹോം മിഷൻ നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ബിസിസി സജീവമായി പ്രവർത്തിക്കുന്നു. വികാരി അച്ചന്റേയും, സിസ്റ്റേഴ്സിന്റേയും സാന്നിദ്ധ്യം ഉണ്ട്.

**ആറ്റിങ്ങൽ:** ഏപ്രിൽ 8-ാം തീയതി ജനറൽ ബോഡി കൂടി. തിരുനാളിനെക്കുറിച്ച് ചർച്ച ചെയ്തു. അന്നേ ദിവസം തന്നെ ഇടവകകളിലെ 3 ബിസിസി യൂണിറ്റുകളേയും വിളിച്ചു കൂട്ടി തിരുനാളിന്റെ കാര്യങ്ങൾ തീരുമാനിച്ചു. നല്ലിടയന്റെ തിരുനാൾ 13-ാം തീയതി കൊടി കയറി. മുഖ്യകാർമ്മികർ നവവൈദികരായ റവ.ഫാ.രാജേഷ്, റവ.ഫാ.റോജൻ ആയിരുന്നു. 15-ാം തീയതി മതബോധനാ വാർഷികത്തോടനുബന്ധിച്ച് രൂപത മതബോധന ഡയറക്ടർ ബഹു. ലോറൻസ് കുലാസ്, ഫെറോന വികാരി ജോസഫ് ബാസ്ക്കർ അച്ചന്റെ സാന്നിദ്ധ്യത്തിൽ കലാപരിപാടികളും അവതരിപ്പിച്ചു. 21-ാം തീയതി ചപ്ര പ്രദക്ഷിണവും 22-ാം തീയതി നല്ലിടയന്റെ തിരുനാളും സാഘോഷം കൊണ്ടാടി.

**മാമ്പള്ളി:** ഈസ്റ്റർ ദിവ്യബലിക്ക് ബിസിസി യൂണിറ്റും ലീഡേഴ്സും, ഭാരവാഹികളുമാണ് നേതൃത്വം നല്കിയത്. ഏപ്രിൽ 4-ാം തീയതി മാമ്പള്ളി ഇടവകാംഗമായ ഡീക്കൻ ജോൺ ബോസ്ക്കോ അഭിവന്ദ്യ സൂസപാക്യം പിതാവിൽ നിന്നും തിരുപട്ടം സ്വീകരിച്ചു. 5-ാം തീയതി ഇടവക പള്ളിയിൽ പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. 14-ാം തിയതി ജനറൽ ബോഡി കൂടി. 3 യൂണിറ്റുകൾ യൂണിറ്റ് വാർഷികം ആഘോഷിച്ചു. തിരുനാൾ ദിനം ദിവ്യബലി അർപ്പിച്ചു. കലാപരിപാടികളും നടത്തി.

**വെന്നിക്കോട്:** ജനറൽ ബോഡി യോഗം നടന്നു. 7 യൂണിറ്റിന്റേയും യോഗം നടന്നു. വിശുദ്ധവാരത്തോടനുബന്ധിച്ച് കുരിശിന്റെ വഴി വർക്കല പള്ളിയിൽ നിന്നും ആരംഭിച്ചു വെന്നിക്കോട് ദേവാലയത്തിൽ അവസാനിച്ചു. ദുഃഖവെള്ളിയാഴ്ച കുരിശ് ആരാധനയ്ക്ക്

ശേഷം ഈശോയുടെ പാവ്ക്കൽ രൂപം നഗരികാണിക്കൽ പ്രദക്ഷിണത്തിനുശേഷം കബറടക്കം നടത്തി. വെന്നിക്കോട് ഇടവകയിൽ ഇത് ആദ്യമായി നടന്നതാണ്. ഇടവക ജനത്തിന് പ്രത്യേക ഒരു അനുഭവമായിരുന്നു. യൂണിറ്റുകളിൽ സുഖമില്ലാതെ കിടക്കുന്ന രോഗികളെ സന്ദർശിച്ചു സാമ്പത്തിക സഹായം നൽകി.

**ചമ്പാവ്**: ഏപ്രിൽ 14-ാം തീയതി ജനറൽ ബോഡി കൂടി. ഇടവക പെരുന്നാളിനെക്കുറിച്ച് ചർച്ച ചെയ്തു. ബിസിസി സജീവമായി പ്രവർത്തിക്കുന്നു.

| | |
|---|---|
| **ഫാ. ടോണി ഹാംലറ്റ്** | **സിസ്റ്റർ ജനറ്റ് റോച്ച ആർ.എസ്.സി.** |
| കോഓഡിനേറ്റർ | ആനിമേറ്റർ |

### വലിയതുറ ഫെറോന

14-ാം തീയതി 2.30 ന് ഫാ. ലാസറിന്റെ അദ്ധ്യക്ഷതയിൽ തോപ്പ്, വലിയതുറ ഫെറോന സെന്ററിൽ കമ്മീഷൻ മീറ്റിംഗ് പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. സാമ്പത്തിക വർഷത്തിന്റെ ആരംഭവും പുതിയ സെന്ററിൽ വച്ചുള്ള ആദ്യത്തെ യോഗവുമായിരുന്നു. ഫെറോന കോ-ഓർഡിനേറ്റർ ആർ.വി.ജോളി എത്തിയ ഏവരെയും സ്വാഗതം ചെയ്തു. അതേ തുടർന്ന് ഇടവകതല റിപ്പോർട്ട് കോർഡിനേറ്റർ അവതരിപ്പിച്ചു. പ്രേഷിത കുരിശിന്റെ പ്രയാണത്തെകുറിച്ച് വിലയിരുത്തൽ നടന്നു. എല്ലാ ഇടവകളും തന്നെ നല്ല രീതിയിൽ പ്രേഷിത കുരിശിനെ സ്വാഗതം ചെയ്യുകയും അതിന്റെ നന്മയും അനുഗ്രഹവും നേടുകയും നേർച്ചകൾ അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അങ്ങനെ ദൈവമക്കളിൽ വി.കുരിശിനോടുള്ള ഭക്തിയും, യേശുവിന്റെ സഹനത്തിന്റെ വിലയും മനസിലാക്കാൻ കഴിഞ്ഞു. റവ.ഫാ.മൈക്കിൾ തോമസ്, റവ.സി.ലീല, റവ.സി.സലോമി, എം. ആൻസൺ എന്നിവരുടെ പ്രേക്ഷിത കുരിശിനെയും സഭയെയും കുറിച്ചുള്ള സാക്ഷ്യവും വ്യക്തതയും ദൈവജനത്തിന് കൂടുതൽ താഴെതട്ടിൽ ഇറങ്ങി പ്രവർത്തിക്കാനുള്ള പ്രചോദനം നൽകുന്നവയായിരുന്നു.



**തോപ്പ്**: റവ.ഫാ.സൈറസ്സിന്റെ നേതൃത്വത്തിൽ എല്ലാ ശുശ്രൂഷ സമിതികളും ഉത്തരവാദിത്വത്തോടുകൂടി തങ്ങളെ ഏൽപ്പിക്കുന്ന ദൗത്യങ്ങൾ കൃത്യമായി ചെയ്തുവരുന്നു. യോഗങ്ങൾ മാത്രമല്ല കർമ്മങ്ങളും നടക്കുന്നു എനന്തിന് ഉദാഹരണമാണ്. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ മൺവിള സ്നേഹസദനം സന്ദർശിച്ച് അവരോടൊപ്പം ദിവ്യബലി അർപ്പിക്കുകയും പ്രഭാതഭക്ഷണം കഴിക്കുകയും ചെയ്തത്.

**കൊച്ചുതോപ്പ്:** റവ.ഫാ.ജോയി സി.മാത്യു ന്റെ നേതൃത്വത്തിൽ മാർച്ച് മാസം ആദ്യവാരത്തിൽ റ്റിഎസ്എസ്എസ് ഭാരവാഹികൾ മതബോധന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി യുവജനങ്ങൾക്ക് ലഹരിവിമുക്ത ക്ലാസ്സ് സംഘടിപ്പിച്ചു. അറുപതോളം യുവജനങ്ങൾ ഇതിൽ പങ്കെടുത്തു.

**സെന്റ് സേവ്യഴ്സ് വലിയതുറ:** വെരി.റവ.ഫാ. ജോസഫിന്റെയും യുവജനശുശ്രൂഷ സമിതിയുടെയും നേതൃത്വത്തിൽ 4-3-18 ഞായർ യുവജനദിനമായി ആചരിച്ചു. തുടർന്ന് മതബോധന സമിതിയുടെ ആഭിമുഖ്യത്തിൽ മതബോധന കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി കുമാരപുരം പളളിയിൽ പ്രാർത്ഥനക്കെത്തുന്ന ആർസിസി രോഗികൾക്കും കൂടെ ഇരിക്കുന്നവർക്ക് ഭക്ഷണം നൽകി. എല്ലാ ശുശ്രൂഷാ പ്രവർത്തനങ്ങളും നല്ല രീതിയിൽ നടക്കുന്നു.

ഏപ്രിൽ 2-ാം തിയതി ഫെറോന സെന്ററിന്റെ ആശീർവാദം വെരി.റവ.സൂസപാക്യം നിർവഹിച്ചു. അതിരൂപതാ ഡയറക്ടേഴ്സ് എല്ലാ ശുശ്രൂഷകളുടെയും എത്തുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. റവ.ഫാ.സൈറസിന്റെ നേതൃത്വത്തിൽ ഏപ്രിൽ 3-ാം തീയതി മുതൽ ഓഫീസ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ദൈവകൃപയാൽ നല്ല രീതിയിൽ തുടരുന്നു. യോഗത്തിൽ വരുന്ന ദിവസങ്ങളിലെ പ്രവർത്തനങ്ങൾ സമിതിയെ അറിയിക്കുകയും തുടർന്ന് സമാപന പ്രാർത്ഥനയോടുകൂടി 4.30 ന് യോഗം സമാപിച്ചു.

**സിസ്റ്റർ ഹേമ**
ആനിമേറ്റർ

# അജപാലനശുശ്രൂഷ

## ബൈബിൾ കമ്മിഷൻ

**A. പ്രവർത്തന റിപ്പോർട്ട്**

**1) സദ്ബോധന ബൈബിൾ സ്ക്കൂൾ**

സദ്ബോധന ബൈബിൾ സ്ക്കൂൾ നാലാം ബാച്ചിലേക്കുള്ള മൂന്നാമത്തെ ക്ലാസ് ലൂക്കാ എഴുതിയ സുവിശേഷം, അപ്പസ്തോലപ്രവർത്തനങ്ങൾ റവ. ഡോ. ലോറൻസ് കുലാസ് നയിച്ചു. 43 പേർ പങ്കെടുത്തു.

**2) അവധിക്കാല ബൈബിൾ സ്ക്കൂൾ (വി.ബി.എസ്)**

അവധിക്കാല ബൈബിൾ ക്ലാസുകൾക്കുവേണ്ടിയുള്ള അധ്യാപക പരിശീലന ക്ലാസുകൾ 14.04.2018 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ പാളയം സെന്റ് ജോസഫ് ദേവാലയ പാരിഷ് ഹാളിൽ വച്ച് നടത്തി. അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള 173 അധ്യാപകർ പ്രസ്തുത ക്ലാസിൽ പങ്കെടുത്തു. കെ.ആർ.എൽ.സി.സി. റിസോഴ്സ് ടീം അംഗങ്ങൾ പരിശീലനത്തിന് നേതൃത്വം നൽകി. ദൈവകല്പനകൾ എന്ന വിഷയത്തിൽ കളികൾ, നാടൻ പാട്ടുകൾ, വഞ്ചിപ്പാട്ടുകൾ തുടങ്ങിയ വിവിധതരം പരിശീലന രീതികൾ നൽകി. പ്രസ്തുത ക്ലാസ്സുകളുടെ സംഘാടകരായി അതിരൂപത ഡയറക്ടർ ബഹുമാനപ്പെട്ട ഫാദർ ലോറൻസ് കുലാസ്, അസിസ്റ്റന്റ് ഡയറക്ടർ ഫാദർ മുത്തപ്പൻ അപ്പോലി, സെക്രട്ടറി ശ്രീ.സിൽവദാസ്. എഫ് എന്നിവർ നേതൃത്വം നൽകി.

**3) ലോഗോസ് ക്വിസ് ആപ്പ്-2018**

ലോഗോസ് ബൈബിൾ ക്വിസിൽപങ്കെടുക്കുന്നവരെ മത്സരത്തിന് ഒരുക്കുവാനും മറ്റുള്ളവരെ ദൈവവചനത്തോട് കൂടുതൽ അടുപ്പിക്കുവാനും സഹായകമാകുന്ന രീതിയിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത ബൈബിൾ കമ്മിഷനും മീഡിയ കമ്മിഷനും



സംയുക്തമായി കഴിഞ്ഞ വർഷം ആവിഷ്കരിച്ച മൊബൈൽ ആപ്പ് ഇക്കൊല്ലവും പരിഷ്കരിച്ച് പുറത്തിറക്കിയിരിക്കുന്നു. ഈ സംരംഭം അഭിവന്ദ്യ ആർച്ച് ബിഷപ് സൂസപാക്യം എം. 14-ാം തിയതി ശനിയാഴ്ച പാളയം കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വച്ച് 200 ഓളം മതബോധന അധ്യാപകരുടെ സാനിധ്യത്തിൽ ഉത്ഘാടനം ചെയ്തു. ദൈവവചനം പ്രഘോഷിക്കപ്പെടുന്നതിലൂടെ പ്രഘോഷകനിലും ശ്രോദാവിലും പരിവർത്തനം സാധ്യമാക്കുന്നുവെന്നും ഈ മാറ്റം നന്മ പ്രവർത്തിയിലേക്ക് അവരെ നയിക്കുന്നുവെന്നും ഈ മൊബൈൽ ആപ്പ് അപ്രകാരമൊരു മാറ്റത്തിന് വഴി തെളിക്കട്ടെയെന്നും ഉത്ഘാടനവേളയിൽ ആർച്ച് ബിഷപ് പറഞ്ഞു. അജപാനശുശ്രൂഷ ഡയറക്ടർ റവ. ഫാ.ലോറൻസ് കുലാസ് അധ്യക്ഷനായിരുന്ന യോഗത്തിൽ റവ. ഫാ. മുത്തപ്പൻ അപ്പോലി, റവ. ഫാ. ദീപക് ആന്റോ എന്നിവർ ആശംസയും ശ്രീ. സിൽവദാസ് എഫ്. സ്വാഗതവും ശ്രീതി സുശീല ലോപ്പസ് നന്ദിയും നേർന്നു. ലോഗോസ് ബൈബിൾ ആപ്പ് വികസിപ്പിച്ച ആൻസൺ, പ്രദീപ്, ഷാജി, നെവിൻ എന്നിവർ സന്നിഹിതരായിരുന്നു. മൊബൈൽ **'ലോഗോസ് ക്വിസ് ആപ്പ്' -Google Play Store-ൽ LOGOS QUIZ 2018** അഥവാ **Latin Archdiocese of Trivandrum** എന്ന തലക്കെട്ടിൽ android ഉപകരണങ്ങളിൽ ലഭ്യമാണ്.

**B. അറിയിപ്പ്**

**1) സദ്ബോധന ബൈബിൾ സ്കൂൾ**

അടുത്ത ബെബിൾ ക്ലാസ് മെയ് 19-ാം തിയതി 9:30 മുതൽ 4 മണിവരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടക്കുന്നതാണ്. വിഷയം : മത്തായി എഴുതിയ സുവിശേഷം

## ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ

**A. പ്രവർത്തന റിപ്പോർട്ട്**

## 1) അതിരൂതാപരീക്ഷ

08.04.2018 ഞായറാഴ്ച നടത്തിയ ഫെറോന പരീക്ഷയിൽ സ്റ്റാന്റേർഡ് V മുതൽ Teacher വിഭാഗം വരെയുള്ള വരിൽ നിന്നും ആദ്യത്തെ മൂന്നു സ്ഥാനക്കാരായവർക്ക് 22.04.2018–ൽ സെന്റ് ജോസഫ് എച്ച്.എസ്.എസിൽ വച്ച് അതിരൂപത പരീക്ഷ നടത്തി. അതിൽ ആദ്യത്തെ മൂന്നുസ്ഥാനം കരസ്ഥമാക്കിയ അതിരൂപത വിജയികളായവരുടെ ലിസ്റ്റ് ചുവടെ നല്കുന്നു.

| STD | Name | Rank | Mark | Parish | Forane |
|---|---|---|---|---|---|
| V | Shifra Franklin | I | 46 | Anjengo | Anjengo |
| | Saniya R.Sindhu | II | 45 | Valiathura | Valiathura |
| | Aswathy | III | 42½ | S.Kollamcode | Pulluvila |
| VI | Ann Nitha Babu | I | 49 | Poonthura | Kovalam |
| | Fidha Josephine Gomez | II | 47 | Puthukurichy | Puthukurichy |
| | Kevin Joseph | III | 46 | Palayam | Palayam |
| VII | Heba Mary Jaimon | I | 48½ | Palayam | Palayam |
| | Ann Maria Robert | II | 47 | Pulluvila | Pulluvila |
| | Calvino Carnet | III | 46½ | Poonthura | Kovalam |
| **STD** | **Name** | **Rank** | **Mark** | **Parish** | **Forane** |
| VIII | Aleena S. Shibu | I | 49½ | St. Xavier’s | Valiathura |
| | Sheenu John | II | 47 | Paruthiyoor | Pulluvila |
| | Rojna Robert | III | 46 | Vennicode | Anjengo |
| IX | Aani Antony | I | 46 | S.Kollamcode | Pulluvila |
| | Stinsha Judin. S | II | 43 | Puthenthope | Puthukurichy |
| | Jeffy Johnson | III | 41 | Vizhinjam | Kovalam |



| | | | | | |
|---|---|---|---|---|---|
| X | Anamika Silva | I | 39½ | Santhipuram | Puthukurichy |
| | Juliya Eugin | II | 37½ | Puthiyathura | Pulluvila |
| | Aneeta Felix | III | 36½ | Valiaveli | Valiathura |
| XI | Jennifer Kennady | I | 45½ | Vizhinjam | Kovalam |
| | Navya R. | II | 43 | Peringamala | Kovalam |
| | Aadhya A.M. | III | 41 | Peringamala | Kovalam |
| XII | Anagha Santhosh | I | 38 | St. Xavier’s | Valiathura |
| | Swathy Simon | II | 37 | Palayam | Palayam |
| | Shanimol F. | III | 35 | S.Kollamcode | Pulluvila |
| DC I | Jijo Jose S. | I | 34 | Nambyathi | Pulluvila |
| | Greeshma Rajan | II | 32 | Kochuthope | Valiathura |
| | Shalu Lawrence | III | 29 | Kochuthope | Valiathura |
| DC II | Jyothi Joy | I | 45 | Thumba | Puthukurichy |
| | Beenu Franklin | II | 43 | Thumba | Puthukurichy |
| | Stegi Stellus | III | 42 | Poonthura | Kovalam |
| **STD** | **Name** | **Rank** | **Mark** | **Parish** | **Forane** |
| DC III | Libi Christudas | I | 41 | Thumba | Puthukurichy |
| | Anjana Krisanth | II | 37 | Kochuthope | Valiathura |
| | Jeesna Maniyan | III | 35½ | Kannanthura | Valiathura |
| PG | Mary Joseph S. | I | 49 | Pulluvila | Pulluvila |
| | Reenu | II | 48 | Poonthura | Kovalam |
| | Jolly J. | III | 42½ | Pulluvila | Pulluvila |
| Teachers | Daliya Cruz B. | I | 37 | St. Andrews | Puthukurichy |
| | Figin Gomez | II | 27½ | Thumba | Puthukurichy |
| | Stephy M. | III | 24 | Pulluvila | Pulluvila |

B. അറിയിപ്പ്

1) സ്ക്കോളർഷിപ്പ് പരീക്ഷ

അതിരൂപത പരീക്ഷയിൽ വിജയികളായ സ്റ്റാന്റേർഡ് VIII മുതൽ XII വരെയുള്ള ക്ലാസുകളിലെ ആദ്യത്തെ മൂന്നുസ്ഥാനങ്ങൾ നേടിയവർക്ക് കെ.ആർ.എൽ.സി.സി. സ്ക്കോളർഷിപ്പ് സംസ്ഥാന തല പരീക്ഷ 16.05.2018-ൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ കൊല്ലം ട്രിനിറ്റി ലൈസിയം സ്ക്കൂളിൽ നടത്തുന്നു.

2) വാർഷികം

26.05.2018 ശനിയാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണി മുതൽ 4.00 മണി വരെ അതിരൂപത വാർഷികം വെള്ളയമ്പലം പാരീഷ് ഹാളിൽ വച്ച് നടത്തുന്നു. അതിരൂപത പരീക്ഷയിൽ ആദ്യത്തെ മൂന്നുസ്ഥാനങ്ങൾ നേടിയവർ, ലോഗോസ് ക്വിസ്-2017-ൽ ഓരോ വിഭാഗത്തിൽ നിന്നും (A to F) ആദ്യത്തെ അഞ്ച് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ എന്നിവർക്കും ക്യാഷ് പ്രൈസും, കൂടുതൽ പോയിന്റ് നേടിയ ഇടവക, ഫെറോനകൾക്ക് ട്രോഫികളും നല്കുന്നതാണ്. സമ്മാനർഹരായവർ പ്രസ്തുത ദിനത്തിൽ വാർഷികാഘോഷത്തിന് പങ്കെടുത്ത് സമ്മാനങ്ങൾ വാങ്ങേണ്ടതാണ്.

## ദൈവശാസ്ത്രം

A. പ്രവർത്തനം

1) "ദിവ്യബോധന" ദൈവശാസ്ത്രപഠന കോഴ്സ്

"ദിവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സ് ഏപ്രിൽ 21-ാം തിയതി ശനിയാഴ്ച വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. 54 പേർ പങ്കെടുത്തു. "ക്രിസ്തുവിജ്ഞാനിയം" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. പയസ് ലോറൻസും "ജീവന്റെ ധാർമ്മികത" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ജൂലിയസ് സാവിയോ യും ക്ലാസുകൾ നയിച്ചു.



B. അറിയിപ്പ്

1. "ദിവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സിന്റെ അടുത്ത ക്ലാസ് മെയ് 19-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നത്തപ്പെടും. വിഷയങ്ങൾ: "മരിയവിജ്ഞാനീയം, യുഗാന്തവിജ്ഞാനീയം"

## കരിസ്മാറ്റിക് മുന്നേറ്റം

A. പ്രവർത്തനം

1) പ്രാർത്ഥനാദിനം

കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ 26.03.2018 പാളയം സമാധാന രാജ്ഞി ബസലിക്കാ പള്ളിയിൽ പ്രാർത്ഥന ദിനമായി ആചരിച്ചു. കരിസ്മാറ്റിക് കമ്മിഷൻ ചെയർമാൻ മാർ സാമുവേൽ ഐറേനിയോസ് പിതാവിന്റെ സാന്നിദ്ധ്യം ശുശ്രൂഷയിൽ മുഴുവൻ സമയവും ഉണ്ടായിരുന്നു. സോണിലേയും സബ്സോണിലേയും അംഗങ്ങൾ പങ്കെടുത്തു.

2) ക്രിസ്റ്റീൻ ധ്യാനം

ശ്രീ. അജിത്ത് പെരേരയുടെ നേതൃത്വത്തിൽ സെന്റ് ഡൊമിനിക ചർച്ച്. വെട്ടുകാടിൽ ഏപ്രിൽ 6, 7, 8 തീയതികളിൽ കുട്ടികളുടെ ധ്യാനം സംഘടിപ്പിച്ചു. ഏകദേശം 125 കുട്ടികൾ ഇതിൽ സംബന്ധിക്കുകയുണ്ടായി.

3) മുക്തിധ്യാനം

മേനംകുളത്തുള്ള അനുഗ്രഹഭവനിൽ സോണിന്റെ നേതൃത്വത്തിൽ ഏപ്രിൽ 7 മുതൽ 13 വരെ 46 പേർ പങ്കെടുത്ത ലഹരി വിമുക്ത നവീകരണ ധ്യാനം നടന്നു. ഫാ. കോസ്മോസ് തോപ്പിൽ, ഫാ. ജോസഫ് എൽക്കിൻ, ഫാ. ഡോണി ഡി പോൾ, ഫാ. അനിഷ് ഫെർണാണ്ടസ്, ഫാ. ഡൊമിനിക്, ഫാ. ജസ്റ്റിൻ അലക്സ്, പ്രൊഫ. ജോജു ജോൺ, പ്രൊഫ. ജോർജ് ജോസഫ്, ബ്ര. അജിത്ത് പെരേര, ബ്ര. നിക്സൺ ലോപ്പസ്, ബ്ര. ജോയി പെരേര,ബ്ര. ജോസഫ്

എ.എസ്, ബ്ര. ഗബ്രിയേൽ ജോസഫ് എന്നിവർ ധ്യാനം നയിച്ചു.

**4) സംഗമം**

സതേൺ സബ്റീജിയന്റെ കീഴിലുള്ള സോണുകളിലെ കെരിഗ്മ മിനിസ്ട്രിയിൽ പ്രവർത്തിക്കുന്നവരുടെ സംഗമം കൊല്ലത്ത് വെച്ച് 15-ാം തീയതി നടക്കുകയും തിരുവനന്തപുരം സോണിൽ നിന്ന് കോ-ഓർഡിനേറ്റർ ഉൾപ്പെടെ 16 പേർ പങ്കെടുക്കുകയും ചെയ്തു.

**5) ഏകദിന ധ്യാനം**

കോവളം സബ്സോണിന്റെ നേതൃത്വത്തിൽ ഏപ്രിൽ 28-ാം തിയതി പാളയം മെട്രോപോളിറ്റൻ ചർച്ചിലെ മദർ തെരേസ ഹാളിൽ ഏകദിനം ധ്യാനം സംഘടിപ്പിച്ചു. പാളയം സബ്സോൺ ആനിമേറ്റർ ഫാ. ജോസ് ജി വചനസന്ദേശം നല്കി.

**ആരാധന കമ്മിഷൻ**

**ദൈവാലയസംഗീതമാർഗരേഖ**

തിരുവനന്തപുരം അതിരൂപതയിൽ ദൈവാലയസംഗീതം നല്കുന്നവർ പാലിക്കേണ്ട നിബന്ധനങ്ങൾ.

1. അതിരൂപത അംഗീകാരം സുചിപ്പിക്കുന്ന തിരിച്ചറിയൽ കാർഡ് ഉള്ളവർ മാത്രമേ അതിരൂപതയിലെ ദൈവാലയങ്ങളിൽ സംഗീതോപകരണങ്ങൾ വായിക്കാൻ പാടുള്ളൂ.
2. താല്കാലിക (Temporary) തിരിച്ചറിയൽ കാർഡുള്ളവർ അവരുടെ ദൈവാലയങ്ങളിൽ മാത്രമേ സംഗീതോപകരണങ്ങൾ വായിക്കാൻ പാടുള്ളൂ.
3. വിശ്വാസ സമൂഹത്തെ ഭക്തിയിലേക്ക് നയിക്കുന്നതിനും, തിരുക്കർമ്മങ്ങളുടെ ആന്തരിക സ്വഭാവത്തിനും, ദൈവാലയത്തിന്റെ പാവനതയ്ക്കും ഇണങ്ങുന്ന ഓർഗൺ/ഹർമോണിയം, തബല, വയലിൻ എന്നി സംഗീത ഉപകരണങ്ങൾ മാത്രമേ ദൈവാലയസംഗീതത്തിൽ ഉപയോഗിക്കാവൂ.





4. നേരത്തെ പ്രോഗ്രാം ചെയ്തുവച്ച Floppy, CD, Pen Drive എന്നിവയിലൂടെയുള്ള സംഗീതം, ഇലക്ട്രോണിക് റിഥം കിറ്റ്, മൈനസ് ട്രാക്ക് എന്നിവയിലൂടെയുള്ള സംഗീതവും നിർബന്ധമായും പാടില്ലാത്തതാണ്.
5. സംഗീതോപകരണങ്ങളുടെ ശബ്ദം ഗാന ശബ്ദത്തേക്കാൾ ഉയർന്നു നിൽക്കുവാൻ പാടില്ല.
6. ദിവ്യബലിയിലുള്ള ‘കർത്താവേ കനിയണമെ’, ‘അത്യുന്നതങ്ങളിൽ’, ‘പരിശുദ്ധൻ’, ‘സ്വർഗ്ഗത്തിൽ വാഴും’, ലോകത്തിൻ പാപം’ തുടങ്ങിയ ഗാനങ്ങൾക്ക് bits നാല് ബാറിൽ കൂടാൻ പാടില്ല. ഈ ഗാനങ്ങൾ ആലപിക്കുമ്പോൾ ദിവ്യപൂജാഗ്രന്ഥത്തിൽ നല്കിയിക്കു ന്നതും അംഗീകാരം നല്കിയിട്ടുള്ള മൂന്ന് സംഗീതരൂപങ്ങളും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.
7. ‘സ്വർഗ്ഗത്തിൽ വാഴും’ എന്ന ഗാനത്തിനിടയ്ക്ക് പൂർണ്ണ മായും bits ഒഴിവാക്കേണ്ടതും വരികൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.
8. ദൈവാലയ സംഗീതോപകരണങ്ങൾ വായിക്കുന്നവർ ആരാധനക്കിടയിൽ പുറത്തു പോകാൻ പാടില്ല.
9. ദൈവാലയ സംഗീതോപകരണങ്ങൾ വായിക്കുന്നവർ സുവിശേഷ വായനയ്ക്ക് എഴുന്നേറ്റ് നില്ക്കുകയും പവിത്രീകരണ സമയത്ത് (consecration time) മുട്ടുകുത്തുകയും വേണം.
10. ഗാനങ്ങൾ ആലപിക്കുന്ന സമയത്തല്ലാതെ ദിവ്യബലിയിലെ മറ്റ് സമയങ്ങളിൽ സംഗീതോപകരണങ്ങങ്ങൾ ഉപയോഗിക്കാൻ പാടില്ല.

11. കൂദാശവചനങ്ങൾ ചൊല്ലുമ്പോഴും അതിനുശേഷം ക്രിസ്തുവിന്റെ ശരീരവും രക്തവും ഉയർത്തുമ്പോഴും തുടർന്ന് കുമ്പിട്ടുവണങ്ങുമ്പോഴും വാദ്യോപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല.
12. അതിരൂപതാതലത്തിൽ നല്കുന്ന പഠന ക്ലാസ്സുകളിൽ ദൈവാലയസംഗീത സംഘത്തിലെ അംഗങ്ങൾ പങ്കെടുക്കുകയും അവിടെ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുകയും വേണം.
13. ബലിപീഠത്തിനഭിമുഖമായാണ് സംഗീതഉപകരണങ്ങൾ ക്രമീകരിക്കേണ്ടത്. ഇടവക വികാരിയുടെ അനുവാദമില്ലാതെ സ്ഥാനമാറ്റം പാടുള്ളതല്ല.
14. വേദപാഠകം നിർദ്ദേശിക്കുന്ന 'പ്രതിവചന സങ്കീർത്തനം' വേദപാഠകത്തിലുള്ളതുപോലെ ഗാനരീതിയിൽ ഉപയോഗിക്കേണ്ടതാണ്. പകരം ഏതെങ്കിലും സങ്കീർത്തനം ആലപിക്കാൻ പാടില്ല.
15. അല്ലേലൂയ്യ പാടുകയും അതിന് ശേഷം വേദപാഠകം നിർദ്ദേശിക്കുന്ന സുവിശേഷത്തിനു മുമ്പുള്ള വരികൾ പാടുകയോ ചൊല്ലുകയോ ചെയ്യേണ്ടതാണ്. തപസ് കാലത്ത് അല്ലേലൂയ്യ ഒഴിവാക്കി വേദപാഠകം നിർദ്ദേശി ക്കുന്ന വചനഭാഗങ്ങൾ പാടുകയോ ചൊല്ലുകയോ ചെയ്യേണ്ടതാണ്.
16. ആഗമനകാലത്തും തപസുകാലത്തും ദൈവാലയസംഗീതം ലളിതമായി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
17. "വിശ്വാസത്തിന്റെ രഹസ്യം" റോമൻ മിസാളിലുള്ളതുപോലെ ആലപിക്കേണ്ടതാണ്.
18. സ്തോത്രയാഗ പ്രാർത്ഥനയുടെ അവസാന ഭാഗമായ സ്തുതിഗീതി (Doxology) ആലപിക്കുകയോ, ചെല്ലുകയോ ചെയ്യുന്ന സമയത്തു തന്നെ ആരതി സമർപ്പിക്കേണ്ടതാണ്.



ആരതിക്കായി പ്രത്യേക സംഗീതം നല്കാൻ പാടുള്ളതല്ല.
19. ദൈവലായസംഗീതം ഉപയോഗിക്കുന്നവർ ദിവ്യബലിയിൽ പങ്കുചേരുന്നതിനാൽ അവർ ദിവ്യബലി മധ്യേ ദിവ്യകാരുണ്യം സ്വീകരിക്കേണ്ടതാണ്.
20. ഗാനരൂപത്തിൽ ദിവ്യബലി അർപ്പിക്കുമ്പോൾ പരിഷ്കരിച്ച റോമൻ മിസാൽ അടിസ്ഥാനമാക്കി കെ.ആർ.സി.ബി.സി. അംഗീകാരം നല്കി പുറത്തിറക്കിയിരിക്കുന്ന സംഗീതം മാത്രമേ ഉപയോഗിക്കാവൂ.

ഇടവക വികാരിമാരുടെയും ഇടവക ലിറ്റർജി അംഗങ്ങളുടെയും മേൽപറഞ്ഞിരിക്കുന്ന ദൈവാലയ സംഗീതമാർഗ്ഗരേഖ ഇടവകകളിൽ നടപ്പിലാക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

# കുടുംബപ്രേഷിത ശുശ്രൂഷ

**കൗൺസിലിംഗ് കോഴ്സ് രണ്ടാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെയും രണ്ടാം ബാച്ചിന്റെ ഏപ്രിൽ മാസത്തെ ക്ലാസ്സ് 7, 21, 28 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ചു നടന്നു. 30 പേർ പങ്കെടുക്കുന്ന ക്ലാസ്സിൽ റവ. ഡോ. ആൻഡ്രൂസ് കോസ്മോസ്, റവ. ഫാ. എ. ആർ. ജോൺ, റവ. ഫാ. എഡിസൻ. വൈ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

മെയ് മാസത്തെ ക്ലാസ്സുകൾ 5, 26, തീയതികളിൽ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 45 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു.

**കെയറിംഗ് ഹാൻഡ്സ്**

കെയറിംഗ് ഹാൻഡ്സിൽ അംഗങ്ങളായിട്ടുള്ള വോളന്റിയർമാർ ഓഖി ദുരിതത്തിന്റെ ആഘാതമേറ്റ 8 കുടുംബങ്ങൾ സന്ദർശിക്കുകയും അവരുടെ അവസ്ഥ മനസ്സിലാക്കി വേണ്ട മാനസിക പിൻതുണ നൽകുകയും ചെയ്തു.

ഏകസ്തരായി കഴിയുന്നവരെ സന്ദർശിക്കുകയും അവ



രുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരെ സഹായിക്കുകയും ചെയ്തുവരുന്നു.

**ഫെറോനാതല ക്ലാസ്സ്**

പുല്ലുവിള ഫെറോനയിലെ കൊച്ചുതുറ ഇടവകയിൽ ഫെറോനാതല വികേന്ദ്രീകരണം മാതാപിതാക്കളുടെ കടമകൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിച്ചു. 14/04/2018ന് നടന്ന സെമിനാറിൽ ശ്രീ. സതീഷ്, റവ. ഫാ. എ ആർ ജോൺ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**ഏകസ്തരുടെ വെൽഫെയർ - സംയുക്ത യോഗം**

വിവാഹിതരാകാതെ ഏകാന്തതയിൽ കഴിയുന്നവരുടെ കൂട്ടായ്മയെ ലക്ഷ്യമാക്കിയുള്ള സംയുക്തയോഗം 21/4/2017 റവ. ഫാ. എ. ആർ ജോണിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ഏകസ്തരായി കഴിയുന്നവരെ ആരാധനക്രമത്തിൽ പങ്കടുപ്പിക്കുക, മാനസികമായി തളർന്നവരെ ചെന്നുകാണുകയും അവർക്ക് വേണ്ട മാനസികപിൻതുണ നൽകുകയും ചെയ്യുക, ഇടവകതലത്തിലോ യൂണിറ്റുതലത്തിലോ ഉള്ള സഹായസന്നദ്ധതയുള്ളവർ ഏകസ്തരായി കഴിയുന്നവരെ ഇടയ്ക്കിടക്ക് സന്ദർശിക്കുകയും അവരുടെ സങ്കടങ്ങൾ കേൾക്കാനും അവരുടെ രോഗാവസ്ഥയിൽ സഹായിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾക്കായി സജ്ജരാക്കുക, എന്നീകാര്യങ്ങൾ ചർച്ച ചെയ്തു.

ഏകസ്തരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ, സാന്ത്വനം മംഗല്യം കൂട്ടായ്മ, എക്സിക്യൂട്ടീവ് അംഗങ്ങൾ, കെയറിംഗ് ഹാൻഡ്സ് (കുടുംബപ്രേഷിത വോളന്റിയർമാർ) പങ്കെടുത്ത യോഗത്തിൽ റവ ഫാ. എ ആർ ജോണിന്റെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗം റവ. ഫാ. ജൂലിയസ് സാവിയോയുടെ സമാപന പ്രാർത്ഥനയോടെ സമാപിച്ചു.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മാംഗല്യത്തിന്റെ ലക്ഷ്യം. 61 അപേക്ഷകൾ ഇതുവരെ ലഭിച്ചു. 55 പേർ സഹായം നേടിയവരാണ്.

സാന്ത്വനം മംഗല്യത്തിനായി ഈ മാസം 13 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 9 യുവതികൾക്ക് ധന സഹായം നൽകുവാൻ സാധിച്ചു.

**വിവാഹ മുന്നൊരുക്ക കോഴ്സ്**

ഏപ്രിൽ 6-8 വരെ നടന്ന കോഴ്സിൽ 89 പെൺകുട്ടികളും 76 ആൺകുട്ടികളും ഏപ്രിൽ 23-25 വരെ നടന്ന ക്ലാസ്സിൽ 78 ആൺകുട്ടികളും 68 പെൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**മാര്യേജ് ബ്യൂറോ**

മെയ് മാസം മാര്യേജ് ബ്യൂറോയിൽ 19 പേരുകൾ രജിസ്റ്റർ ചെയ്തു.

**വിവാഹ ഒരുക്കസെമിനാർ**
2018 മെയ് 7, 8, 9
2018 മെയ് 25, 26, 27
തീയതികളിൽ നടത്തപ്പെടുന്നു.





# കെ.സി.വൈ.എം., ജീസസ്സ് യൂത്ത് സംയുക്തയോഗം

യുവജന വർഷത്തോടനുബന്ധിച്ച് തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നടത്താൻപോകുന്ന പ്രവർത്തനങ്ങളെ കുറിച്ച് അവലോകനം നടത്തുന്നതിന് യുവജന ശുശ്രൂഷാ ഡയറക്ടർ ഫാ. ലെനിൻ ഫെർണാണ്ടസിന്റെ സാന്നിദ്ധ്യത്തിൽ കെ.സി.വൈ.എം. അതിരൂപതാ ഭാരവാഹികളും ജീസസ്സ് യൂത്തിന്റെ സോണൽതല ഭാരവാഹികളും സംയുക്തമായി ഏപ്രിൽ 11-ന് അതിരൂപതാ ഓഫീസിൽ കൂടി.

## LAMP
## Leadership Awareness & Motivation Programme

കെ.സി.വൈ.എം. - എൽ.സി.വൈ.എം. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സർട്ടിഫിക്കറ്റ് കോഴ്സായ 10-ാമത് ലാമ്പ് ബാച്ചിന്റെ മൂന്നാം മാസത്തെ സെഷൻ ഏപ്രിൽ 13, 14, 15 തീയതികളിലായി വെട്ടുതുറ കനോഷ്യൻ കോൺവെന്റിൽ വച്ച് സംഘടിപ്പിച്ചു. ലാമ്പിൽ വി. മാക്കോസിന്റെ സുവിശേഷത്തെ കുറിച്ച് അതിരൂപതാ അജപാലന ശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് ക്ലാസ്സെടുത്തു. തുടർന്ന് കൂദാശകളെ കുറിച്ച് കെ.സി.വൈ.എം. അതിരൂപതാ ഡയറക്ടർ ഫാ. സന്തോഷ് കുമാർ, യുവജനവും ലൈംഗികതയും എന്ന വിഷയത്തെ കുറിച്ച് ഡോ. അമർ, യുവജന ശാക്തീകരണത്തെക്കുറിച്ച് അതിരൂപതാ കെ.സി.വൈ.എം. പ്രസിഡന്റ് ജോണി.എം.എ, അഭിനയകലയെ കുറിച്ച് തദേയൂസ് ഗോൺസാൽവിയോസ്, ഗോൾസെറ്റിംഗിനെ കുറിച്ച് കെ.സി.വൈ.എം. ഡയറക്ടർ ഫാ.

ലെനിൻ ഫെർണാണ്ടസും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അതിനോടൊപ്പം പ്രസംഗകളരിയും സംവാദവും പരിശീലിപ്പിക്കപ്പെട്ടു.

**യൂത്ത് വർവ്വെ 2018**

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും സ്ഥിതി വിവരകണക്ക് ശേഖരിക്കുക എന്ന ലക്ഷ്യത്തോടു കൂടി നടത്തപ്പെടുന്ന യൂത്ത് സർവ്വെ 2018 ന്റെ ഭാഗമായി ഏപ്രിൽ 7-ാം തീയതി വെള്ളയമ്പലത്തും ഏപ്രിൽ 13-ാം തീയതി എറണാകുളം ആശീർഭവനിലും വച്ച് നടന്ന യൂത്ത് സർവ്വെ ട്രെയിനിംഗിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്ന് 14 പേർ പങ്കെടുക്കുകയും സർവ്വെ നടത്താനുള്ള പരിശീലനം നേടുകയും ചെയ്തു.

**കെ.സി.വൈ.എം. യൂണിറ്റ് രൂപീകരണം**

പുല്ലുവിള ഫെറോനയിലെ ചൊവ്വര ഇടവകയിൽ കെ.സി.വൈ.എം. രൂപീകരിക്കുകയും കരിയർ ഗൈഡൻസ്, സാമൂഹ്യ പ്രതിബദ്ധത, ജീവിത വിജയം എന്നീ വിഷയങ്ങളെ ആസ്പദമാക്കി അതിരൂപത പ്രസിഡന്റ് ജോണി.എം.എ, ജനറൽ സെക്രട്ടറി അജിത് പൊഴിയൂർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു.

കണ്ണാന്തുറ ഇടവകയിൽ പുതിയ കെ.സി.വൈ.എം. ഭാരവാഹികളെ തെരഞ്ഞെടുത്തു. കണ്ണാന്തുറ ഇടവക വികാരി ഫാ. ലാസർ ബനഡിക്ടിന്റെ സാന്നിദ്ധ്യത്തിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോണി.എം.എ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും തുടർന്ന് 'ജ്വലനം 2018' എന്ന ഏകദിന ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.





# ത്രിഭാഷാജ്ഞാന പരിപോഷണ പരിപാടി 2017-18

അതിരൂപതയിലെ ഇടവകകളിൽ നടന്നു വരുന്ന ത്രിഭാഷാജ്ഞാന പരിപോഷണ പരിപാടി 26-11-2017 ൽ നടത്തിയ എഴുത്തുപരീക്ഷയിൽ മൂന്നു വിഷയങ്ങളിലുമായി 1841 വിദ്യാർത്ഥികൾ പങ്കെടുത്തു. 53 ഇടവകകളിൽ നിന്ന് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു. ഉയർന്ന ഗ്രേഡ് നേടി രൂപത സ്കോളർഷിപ്പിന് 15 വിദ്യാർത്ഥികൾ അർഹരായി. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വിഷയം | പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം | A ഗ്രേഡ് 45-50 | B ഗ്രേഡ് 40-44 | C ഗ്രേഡ് 35-39 | D ഗ്രേഡ് 30-34 | E ഗ്രേഡ് 25-29 | F ഗ്രേഡ് 25 നു താഴെ | വിജയ % |
|---|---|---|---|---|---|---|---|---|
| മലയാളം | 602 | ഇല്ല | ഇല്ല | 1 | 2 | 9 | 590 | 1.9% |
| ഇംഗ്ലീഷ് | 632 | | 25 | 37 | 46 | 76 | 444 | 29.7% |
| ഹിന്ദി | 607 | 8 | 62 | 91 | 116 | 106 | 224 | 63.9% |
| | 1841 | | | | | | | |

**രൂപത സ്കോളർഷിപ്പിന് അർഹരായവരുടെ വിവരങ്ങൾ**

| വിഷയം | നമ്പർ | പേര് | ഗ്രേഡ് | ഇടവക |
|---|---|---|---|---|
| മലയാളം | 1 | ശാലിനി എസ് | C | വലിയവേളി |
| | 2 | അലീന വി | D | സെന്റ് സേവ്യഴ്സ, വലിയതുറ |
| | 3 | അമൽ എ.എം | D | പാലപ്പൂർ |
| | 4 | എൽസ ആൻ | D | കുമാരപുരം |
| ഇംഗ്ലീഷ് | 5 | ലിസോയ് ജെസ്ലിൻ | A | ശ്രീകാര്യം |
| | 6 | കറ്റാലിൻ ജെ ഒറയിൻ | A | ശ്രീകാര്യം |
| | 7 | സാന്ദ്ര ജെയിംസ് | A | സെന്റ് ആൻഡ്രൂസ്, വെട്ടുതുറ |
| | 8 | റോജൻ | A | പൂന്തുറ |
| | 9 | അബിൻ ക്ലമന്റ് | A | അയിരൂർ |
| ഹിന്ദി | 10 | ജിഷ സെബാസ്റ്റ്യൻ | A | അയിരൂർ |
| | 11 | റ്റന്യ ഗ്രേഷ്യസ് | A | കൊച്ചുവേളി |
| | 12 | ഗീപ് ശിഖ ജെ.ആർ | A | കണ്ണാന്തുറ |
| | 13 | ഡാരൻ ജെ ഗോമസ്സ് | A | തോപ്പ് |
| | 14 | ആശിക്ക് എസ്.എ | A | പെരിങ്ങമ്മല |
| | 15 | അഷിന ബി.ജെ | A | പെരിങ്ങമ്മല |

ലളിത.എ.ആർ

## വലിയതുറ ഫെറോന

**ഫെറോനതല പ്രവർത്തനങ്ങൾ: ഫെറോനസമിതിയോഗം** ഏപ്രിൽ 10 ന് കൂടി. വൈദീകകോർഡിനേറ്റർ ജോസ് ദീലീപ് അച്ചനും ഫെറോന വികാരി സൈറസച്ചനും 7 കൺവീനർമാരും യോഗത്തിൽ പങ്കെടുത്തു. ഏപ്രിൽ-മെയ് മാസങ്ങളിൽ നടക്കേണ്ട പദ്ധതി പ്രകാരമുള്ള പരിപാടികൾ ചർച്ച ചെയ്തു തീരുമാനമെടുത്തു. തുടർന്ന് ബഹു. ഫെറോനാവികാരി വാർഷിക പ്ലാനനുസരിച്ചുള്ള പരിപാടികൾ വിശദമാക്കി.

**അവധിക്കാല സംഗമം**: ഏപ്രിൽ 27,29 തീയതികളിൽ വെട്ടുകാട് എൽ.പി സ്കൂളിൽ വച്ച് അവധിക്കാല സംഗമം രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ നടത്താൻ തീരുമാനിച്ചു. 7-ാം ക്ലാസു മുതൽ 9-ാം ക്ലാസു വരെയുള്ള കുട്ടികൾക്കായാണ് ഇത് നടത്തുക.

**ഓഖി പ്രവർത്തനങ്ങൾ:** ഓഖിയുമായ് ബന്ധപ്പെട്ട് മരണപ്പെട്ടവരുടെയും കാണാതായവരുടെയും മക്കളുടെ വിദ്യാഭ്യാസപരമായ വിവരങ്ങൾ (വെട്ടുകാട്-9 കുട്ടികൾ വലിയതുറ 4 കുട്ടികളിൽ നിന്നും ശേഖരിച്ചു. ഇവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

**പിഎസ്സി പരിശീലന ക്ലാസ്**: ഫെറോനാതല പിഎസ്.സി പരിശീലന ക്ലാസ് വെട്ടുകാട് എച്ച്എസ്എസ്സിൽ നടന്നുവരുന്നു. 31 കുട്ടികൾ പേരു രജിസ്റ്റർ ചെയ്തു. പ്രഗൽഭരായ അധ്യാപകരാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ഈ ക്ലാസുകൾ മെയ് മാസം വരെ ഉണ്ടായിരിക്കും.

**ഇടവകതല പ്രവർത്തനങ്ങൾ:**

**തോപ്പ്:** ഏപ്രിൽ 20,24 തീയതികളിൽ ഡ്രോയിംഗ്, കളറിംഗ്, ക്രാഫ്റ്റ് എന്നിവയുടെ ക്ലാസുകൾ 9 മണിമുതൽ 1 മണിവരെ സംഘടിപ്പിച്ചു. 45 കുട്ടികൾ പങ്കെടുത്തു. സെന്റ് റോക്സ് സ്കൂളിലെ പ്രഗൽഭരായ അധ്യാപിക ആണ് ക്ലാസ് നയിച്ചത്. 1 മിതൽ 5 വരെ ക്ലാസു



കളിലെ കുട്ടികളാണിതിൽ പങ്കെടുത്തത്.

**വലിയതുറ:** എല്ലാ ശനി, ഞായർ ദിവസങ്ങളിൽ 4.30 മുതൽ 6.30 വരെ പി.എസ്.സി പരിശീലന ക്ലാസു നടക്കുന്നു.

**ചെറുവെട്ടുകാട്:** ത്രിഭാഷയുടെ ക്ലാസ് എല്ലാ ശനി, ഞായർ ദിവസങ്ങളിൽ വൈകുന്നേരം 4 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ നടക്കുന്നു. ഇടവകയിലെ അധ്യാപകരാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

**മെയ് മാസത്തെ പരിപാടികൾ:**

കരിയർ ഗൈഡൻസ് - ഇടവകതലത്തിൽ

ജി.കെ.മൽസരം - ഫെറോനാതലം

ചിത്രരചന, കവിത, ഉപന്യാസം - ഫെറോനാതലം

റ്റി.ഇ.റ്റി & സെറ്റ് - ഫെറോനാതലം

**റ്റി.ഇ.റ്റി - സെറ്റ്:** വലിയതുറ ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാസമിതിയുടെ നേതൃത്വത്തിൽ റ്റി.റ്റി.സി-ബി.എഡ് പൂർത്തീകരിച്ച ഉദ്യോഗാർത്ഥികൾക്കായി മെയ് മാസം പരിസീലന ക്ലാസുകൾ ആരംഭിക്കും.

## പുല്ലുവിള ഫെറോന

2018-19 -ലെ ഫെറോന പ്ലാൻ & ബഡ്ജറ്റിൽ പ്രകാരം വിദ്യാഭ്യാസ ശുശ്രൂഷ സമിതിയും മാധ്യമ കമ്മിഷനും സംയുക്തമായി 23,24,25 തീയതികളിൽ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ചിത്രരചന, പെയിന്റിംഗ് എന്നിവയുടെ ക്യാമ്പ് സംഘടിപ്പിച്ചു. എല്ലാ ദിവസവും രാവിലെ 9.30 മുതൽ 3 മണി വരെയാണ് വിദ്യാർത്ഥികൾക്ക് ക്യാമ്പിലൂടെ പരിശീലനം നൽകിയത്. ഫെറോനയിലെ വിവിധ ഇടവകകളിൽ നിന്നുമായി 53 വിദ്യാർത്ഥികൾ പങ്കെടുത്ത പ്രസ്തുത പരിപാടി ഫെറോനവികാരി റവ.ഫാ.ബാസ്റ്റിൻ ജോസഫ് ഉദ്ഘാടനം നിർവഹിക്കുകയും, കോ-ഓർഡിനേറ്റർ ഫാ.ജെറാൾഡ് സാവിയോ അദ്ധ്യക്ഷ സ്ഥാനം നിർവഹിച്ചും, മാധ്യമകമ്മിഷൻ കോ-

ഓർഡിനേറ്റർ ഫാ.ദീപക്, ക്യാമ്പിന്റെ പ്രോഗ്രാം കോഡഓർഡിനേറ്റർ ശ്രീ.വില്യം സാർ തുടങ്ങിയവർ ചിത്രരചന, പെയിന്റിംഗ് എന്നിവയുടെ മാഹാത്മ്യം, സർഗ്ഗവാസനം വിദ്യാർത്ഥികളുടെ തീക്ഷ്ണത എന്നിവയെ പ്രതിപാദിച്ചുകൊണ്ട് പ്രസംഗിക്കുകയും ചെയ്തു. 23-04-2018 ൽ രാവിലെ ആരംഭിച്ച പരിശീലനം 25-04 -2018 3.30 ന് അവസാനിച്ചു. പരിശീലനങ്ങളിൽ വിദ്യാർത്ഥികളുടെ കഴിവ് വികസിപ്പിക്കുവാനുള്ള ചിത്രങ്ങൾ വരപ്പിച്ചും, അതിന് അനുയോജ്യമായി പെയിന്റിംഗ് നൽകുന്നതിനും ക്യാൻവാസ് ചിത്രങ്ങൾ തന്ന് ചിത്രങ്ങൾ നിർമ്മിപ്പിക്കുകയും ചെയ്തു. 53 വിദ്യാർത്ഥികളിൽ 30 വിദ്യാർത്ഥികളെ നന്നായി വരച്ചവരിൽ നിന്നും തുടർപ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കുകയും ചെയ്തു. പരിശീലകർ ശ്രീ.വില്യം, ശ്രീ.സജിത്, ശ്രീ.നവീൻ എന്നീ അദ്ധ്യാപകരാണ് ക്ലാസ്സിന് നേതൃത്വം വഹിച്ചത്.

**തുടർപരിപാടി**: ഫെറോന തലത്തിൽ സംഘടിപ്പിച്ചുവരുന്ന "സിവിൽ സർവ്വീസ് ഫൗണ്ടേഷൻ" പരിശീലനത്തിൽ ഈ മാസം 4 ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**പി.എസ്.സി പരിശീലനം:** നമ്പ്യാതി ഇടവകയിൽ ഇടവകാതലത്തിൽ സംഘടിപ്പിച്ചുവരുന്നു 21 ക്ലാസ്സുകൾ ഈ മാസം നൽകി.

അവധിക്കാല പരിപാടികൾ: പുല്ലുവിള, പൂവാർ, അടിമലത്തുറ, നമ്പ്യാതി എന്നീ ഇടവകകളിൽ സംഘടിപ്പിക്കുന്നു.

പുല്ലുവിള അവധിക്കാല ക്ലാസ്സുകൾ നേതൃത്വ പരിശീലനം മൂല്യബോധനം, ചിത്രരചന എന്നിവ സംഘടിപ്പിക്കുന്നു. 315 കുട്ടികൾ പങ്കെടുക്കുന്നു.

നമ്പ്യാതിയിൽ 30 കുട്ടികൾക്ക് ഇംഗ്ലീഷ് ഗ്രാമർ, ഹിന്ദിഗ്രാമർ, സ്പോക്കൺഇംഗ്ലീഷ്, ഓർഗൺ, മ്യൂസിക് എന്നിവയുടെ പരിശീലനം നൽകുന്നു.

അടിമലത്തുറയിൽ ചിത്രരചന, പെയിന്റിംഗ്, നേതൃത്വ പരിശീലനം



എന്നിവ നൽകുന്നു 173 വിദ്യാർത്ഥികൾക്ക്.

ഇംഗ്ലീഷ് ക്ലാസ്സുകൾ 73 വിദ്യാർത്ഥികൾക്ക് നൽകുന്നു. യു.പി, എച്ച്. എസ് വിഭാഗത്തിനാണ് പരിശീലനം നൽകുന്നത്.

പൂവാർ, പുല്ലുവിള, അടിമലത്തുറ, കരുംകുളം എന്നീ ഇടവകയിൽ ത്രിഭാഷ പരിശീലനവും എൽ.പി. യു.പി വിഭാഗത്തിന് നൽകുന്നു.

**ഫാ. ജെറാൾഡ് സാവിയോ** — കോഓർഡിനേറ്റർ

**മേരിത്രേസ്യ മൊറായിസ്** — ആനിമേറ്റർ

## കോവളം ഫെറോന

കോവളം ഫെറോനയിൽ പ്രേഷിത കുരിശിന്റെ പ്രയാണം ഏപ്രിൽ 14 മുതൽ 23-ാം തീയതി 1 മണി വരെ നടന്നു. വലിയതുറ ഫെറോനയിൽ നിന്ന് ഫെറോനാ ടീം ഏറ്റുവാങ്ങിയ പ്രേഷിത കുരിശ് കോവളം ഫെറോനയിലെ പൂന്തുറ ഇടവകയിൽ എത്തിച്ചു. യഥാസമയം ബിസിസി അതിരൂപത എക്സി. സെക്രട്ടറി ഫാ.മൈക്കിൾ തോമസ് സന്നിഹിതരനായിരുന്നു. കോവളം ഫെറോനയിലെ 14 പള്ളികളിലും പ്രേഷിത കുരിശ് ഭക്ത്യാദരവുകളോടെ വണങ്ങി, പ്രാർത്ഥിച്ചു. ഏതാനും ഇടവകകളിൽ പൊതുവായും വാർഡ്-യൂണിറ്റ് എന്നീ തലങ്ങളിലായി കുരിശാരാധനയും പ്രയാണവും നടത്തി. ഭക്ത്യാദരവോടെയുള്ള പ്രാർത്ഥനക്കുശേഷം ഓരോ ഇടവകയും കുരിശ് അടുത്ത ഇടവകയ്ക്ക് കൈമാറി. ഓരോ ഇടവകയിൽ നിന്നുമുള്ള പ്രേഷിതകുരിശ് കൈമാറ്റ അവസരത്തിൽ ഫെറോനാ ടീമിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. എല്ലാ ഇടവകകളിലും പ്രേഷിത കുരിശിനെ ആസ്പദമാക്കിയുള്ള ക്ലാസ്സ് നടന്നു.

ഏപ്രിൽ 15-ാം തീയതി ഫെറോനാ കൗൺസിൽ കൂടി. എല്ലാ ശുശ്രൂഷകളുടെയും പ്ലാനും ബഡ്ജറ്റും അവതരിപ്പിക്കുകയും വിലയിരുത്തുകയും ചെയ്തു. തുടർന്നുള്ള ഫെറോനാ പ്രവർത്തനങ്ങ

ളെക്കുറിച്ച് ഫെറോനാസെക്രട്ടറി റോഷൻ അച്ചൻ പൊതുവായി ബോധ്യങ്ങൾ നൽകി.

ഇടവകകളിൽ ബിസിസി പ്രവർത്തനങ്ങളും, യോഗവും സജീവമാണ്. പാലപ്പൂർ, പൂങ്കുളം ഇടവകകളിൽ ഹോം മിഷൻ വളരെ നന്നായി നടന്നു. ഇടവകകൾ ബഹുമാനപ്പെട്ട ബ്രദേഴ്സിന്റെ സാന്നിധ്യത്തിൽ വിബിഎസ് നടത്തി.

**ഫാ. സുരേഷ്**
കോഓർഡിനേറ്റർ

**സി. ജമിനി ഏലിയാസ്**
ആനിമേറ്റർ





## അഞ്ചുതെങ്ങ് ഫെറോന

മാർച്ച് ഏപ്രിൽ മാസംങ്ങളിൽ ഫെറോന കോ-ഓർഡിനേറ്റർ റവ.ഫാ.പ്രദീപ് ജോസഫ് അവർകളുടെ അദ്ധ്യക്ഷതയിൽ ഫെറോന യോഗങ്ങൾ നടന്നു. ഫെറോനാ ഇടവകാ പ്രവർത്തന വിലയിരുത്തൽ നടത്തുകയും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. മാർച്ച് മാസം നടന്നു യോഗത്തിൽ 2018 -19 വാർഷിക പ്ലാൻ അവതരിപ്പിച്ച് വിലയിരുത്തൽ നടത്തി. മുതലപ്പൊഴി പ്രശ്നം പരിഹാരം കണ്ടെത്തുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനു ആക്ഷൻ കൗൺസിൽ പ്രവർത്തനം ശക്തമായ നടന്നുവരുന്നു. ഇതിന്റെ ഭാഗമായ് അഞ്ചുതെങ്ങ് പുതുക്കുറിച്ചി ഫെറോനയും പെരുമാതുറ ജമാ അത്ത് അംഗങ്ങളും സംയുക്തമായ് യോഗം ചേരുകയും ഇടവകാതല യോഗങ്ങൾ 2 മാസവും കൂടി ഇടവകാ പ്ലാൻ ആൻഡ് ബഡ്ജറ്റ് തയ്യാറാക്കി.

സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമന പ്രവർത്തനങ്ങളുടെ ഭാഗമായ് ഫെറോനായോഗം ഇടവകായോഗങ്ങൾ നടന്നു. രൂപതാ ജനറൽ ബോഡി യോഗത്തിൽ മികച്ച സ്വയം തൊഴിൽ സംരംഭകരെ ആദരിച്ചു. ഫെറോനയിൽ പുതുതായ് 15 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു. ഏപ്രിൽ മാസം നടന്ന ജനറൽ ബോഡി യോഗത്തിൽ കുടുംബശ്രീസ്കൂൾ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവല്ക്കരണം നല്കി.

മത്സ്യവിപണന സ്ത്രീ ഫോറം പ്രവർത്തനങ്ങളുടെ ഭാഗമായ് ഫെറോന യോഗം യൂണിറ്റ് യോഗങ്ങൾ നടന്നു. അംഗങ്ങൾ ഫെറോനാതലത്തിൽ വനിതാദിനാഘോഷം നടത്തി. ഈ മാസങ്ങളിൽ 10 അംഗങ്ങൾക്ക് 1,20,000/- ലോൺ നല്കി. ഇതര തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോനാ യോഗങ്ങൾ

നടന്നു. യോഗങ്ങളിൽ കാർഷിക മേഖല, തൊഴിൽവകുപ്പ് നിയമങ്ങൾ ബോധവൽക്കരണം നൽകി. കർഷക സംഘങ്ങൽ അതാത് പഞ്ചായത്ത് കൃഷിഭവന്റെ സഹായത്തോടെ അടുക്കളത്തോട്ട നിർമ്മാണം കാര്യക്ഷമമായ നടത്തിവരുന്നു.

ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായ് ഭിന്നശേഷിയുള്ള കുട്ടികളുടെ ഭവനസന്ദർശനം നടത്തി 5 കുട്ടികൾക്ക് പഠന മെഡിക്കൽ എന്നിവയ്ക്കായ് 15000/- ധനസഹായം നൽകി. മെഡിക്കൽ ക്യാമ്പ് പിഎച്ച്സി യുടെ സഹായത്തോടെ നടന്നു. വയോജന കൂട്ടായ്മ ഇടവകാതലത്തിൽ നടന്നു.

സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായ് വിധവാഫോറം യോഗ ങ്ങൾ ഇടവകാതലത്തിൽ നടന്നു. പുതിയ പ്രോജക്ടിന്റെ ഭാഗമായ് അഞ്ചുതെങ്ങ് മാമ്പള്ളി, ചമ്പാവ്, താഴംപള്ളി, വെന്നിക്കോട് ഇടവകകളിലായ് 15 പുതിയ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. കൂടാതെ പ്രോജക്ടിന്റെ സഹായത്തോടെ അഞ്ചുതെങ്ങ് പഞ്ചായത്ത് കുടുംബശ്രീ റ്റിഎസ്എസ്എസ് സംയുക്തമായ വനിതാദിനാഘോഷം 250 സ്ത്രീകളുടെ മനുഷ്യചങ്ങലയോട് കൂടി നടന്നു.

**ഫാ. പ്രദീപ് ജോസഫ്** — **പ്രീതി**

കോഓർഡിനേറ്റർ — ആനിമേറ്റർ

**~~പാളയം ഫെറോന~~**

**ഫെറോന വാർഷികാഘോഷം, ജനറൽ ബോഡി:**

ഏപ്രിൽ 08 ന് വെള്ളയമ്പലം ഇടവക ഹാളിൽ വച്ച് ഫെറന വാർഷികവും ജനറൽ ബോഡി യോഗവും ഫെറോന-ഇടവക പ്രവർത്തനങ്ങളുടെ ഒരു വർഷത്തെ റിപ്പോർട്ടവതരണവും നടത്തി. ഫെറോന കോർഡിനേറ്റർ ഫാ. ലെനിൻരാജ് അദ്ധ്യക്ഷനായിരുന്നു.



ഉത്ഘാടനം ഫെറോനവികാരി ഫാ.ജോർജ്ജ് ഗോമസ് നിർവഹിച്ചു. ഫെറോന സെക്രട്ടറി റവ.ഫാ.ജോസ്, രൂപത എസ്.എച്ച്.ജി കോർഡിനേറ്റർ ശ്രീമതി അന്നാറീറ്റ എന്നിവർ ആസംസകൾ നേരുകയും ചെയ്തു. തുടർന്ന് യോഗത്തിൽ വച്ച് സെന്റ് ജോസഫ് കത്തീഡ്രൽ ഇടവകയ്ക്ക് 2017-18 വർഷത്തെ മികച്ച ഇടവകയ്ക്കുള്ള അവാർഡ് നൽകി. കുടപ്പനക്കുന്ന് ഇടവകയിലെ ഒരു അംഗത്തിന് ക്യാൻസർ ചികിത്സാ സഹായമായി 5000 രൂപ നല്കി. തുടർന്ന് കലാപരിപാടികൾ സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരുന്നു. യോഗത്തിൽ 98 അംഗങ്ങൾ പങ്കെടുത്തു.

**ഫെറോന എക്സിക്യൂട്ടീവ് യോഗങ്ങൾ** : മാർച്ച് 10, ഏപ്രിൽ 4 എന്നീ തീയതികളിൽ നടന്നു. ഉപസമിതികളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു നടപ്പാക്കി.

**ഊർജ്ജകിരൺ - ബോധവത്ക്കരണ ക്ലാസ്സ്:** മാർച്ച് 4 ന് കവടിയാർ വിവേകാനന്ദ പാർക്കിൽ വച്ച് ഊർജ്ജ കിരൺ പരിപാടി സംഘടിപ്പിച്ചു. രൂപതാ കപ്പാസിറ്റി കോ-ഓർഡിനേറ്റർ, രൂപതാ എസ്.എച്ച്.ജി കോ-ഓർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ് നൽകി. മത്സരങ്ങൾ സംഘടിപ്പിച്ചു. സമ്മാനങ്ങൾ വിതരണം ചെയ്തു. പാർക്കിൽ വന്നവർക്കെല്ലാം ലീഫ് ലെറ്റുകൾ വിതരണം നടത്തി.

**എസ്.എ.എഫ്.പി-ഭവനം ഒരു സമ്മാനം പദ്ധതി:** ഫെബ്രുവരി 14 ന് രൂപതയിൽ വച്ച് നടന്ന താക്കോൽ ദാന ചടങ്ങിൽ ഫെറോനയിലെ 10 കുടുംബങ്ങളുടെ ഭവനത്തിന്റെ താക്കോൽ ദാനം ബഹു.മുഖ്യമന്ത്രി വിതരണം ചെയ്തു.

**സ്വയം സഹായസംഘങ്ങളും സാമ്പത്തിക ഉന്നമനവും:** 22 സംഘങ്ങൾ 16 ഇടവകകളിലായി പ്രവർത്തിച്ചുവരുന്നു. രണ്ടാം ശനിയാഴ്ചകളിൽ ഫെറോന യോഗങ്ങൾ നടത്തി, ഇടവകാതല റിപ്പോർട്ടുകൾ അവതരിപ്പിച്ചു വിലയിരുത്തി, ഉണർവ്വ് പഠന പത്രികാവബോധം

നൽകി വരുന്നു. പൂഴിക്കുന്ന് ഇടവക എസ്.എച്ച്.ജി അംഗത്തിന്റെ ഭർത്താവിന് ചികിത്സാ സഹായമായി 5000 രൂപ സ്വരീപിച്ചു നൽകി.

എസ്.എച്ച്.ജി ഇടവകതല ഫെഡറേഷൻ യോഗങ്ങൾ പ്രതി മാസം നടന്നുവരുന്നു. വിവിധ സംഘങ്ങളിൽ നിന്നും 3,79,000 രൂപ നിക്ഷേപ ലോൺ അംഗങ്ങൾക്ക് നൽകി.

**ഫെറോന-ഇടവകാ വനിതാദിനാഘോഷങ്ങൾ:** മാർച്ച് 10 ന് വെള ളയമ്പലം റ്റി.എസ്.എസ്.എസ് കോൺഫറൻസ് ഹാളിൽ വച്ച് വനി താദിനാഘോഷം സംഘടിപ്പിച്ചു. യോഗത്തിൽ 'പ്രസ് ഫോർ പ്രോഗ്രസ്' എന്ന വിഷയത്തിൽ പ്രഫ.ശ്രീമതി ഐറിസ്, സ്ത്രീക ളുടെ പുരോഗമനം മുൻ നിർത്തി ക്ലാസെടുത്തു. മുൻ കൗൺസിലർ ശ്രീമതി മേരിപുഷ്പം, രൂപതാ എസ്.എച്ച്.ജി കോർഡിനേറ്റർ, ടീച്ചർ സുശീല ലോപ്പസ് എന്നിവർ ആശംസ നേർന്നു. നാല് മുതിർന്ന വനിതകളെ ആദരിച്ചു. 36 വനിതകൾ യോഗത്തിൽ പങ്കെടുത്തു.

മാർച്ച് 11 ന് നന്തൻകോട് ഇടവകയിൽ ഇടവകവികാരിയുടെ അദ്ധ്യക്ഷതയിൽ ആഘോഷ പരിപാടികൾ ആരംഭിച്ചു. ശ്രീമതി. മേരിക്കുട്ടി വനിതാദിന സന്ദേശം നൽകി. മൂന്ന് വനിതകളെ ആദ രിച്ചു. തൃക്കണ്ണാപുരം എസ്.എച്ച്.ജി യിലെ ഒരു അംഗത്തിന് ഭവന നിർമ്മാണത്തിന് 5000 രൂപ ധനസഹായം നൽകി.

കുടപ്പനക്കുന്ന് ഇടവകയിൽ വനിതാദിനത്തോടനുബന്ധിച്ച് ശ്രീമതി. ലീലയ്ക്ക് മൊമെന്റോ നലവ്കി ആദരിച്ചു. ചികിത്സാ സഹാ യമായി 5000 രൂപ നൽകി.

രൂപതാ എസ്.എച്ച്.ജി ജനറൽ ബോഡി യോഗത്തിൽ വച്ച് ഫെറോനയിലെ മികച്ച ആക്ടിവിറ്റി ഗ്രൂപ്പിനുള്ള സമ്മാനം കുടപ്പ നക്കുന്ന്-ഫാത്തിമമാതാ ഗ്രൂപ്പിന് ലഭിച്ചു.

**കാരുണ്യപൂർവ്വം പദ്ധതി:** പദ്ധതി വഴി 26 കുടുംബങ്ങൾക്ക് പ്രതി മാസം 900 രൂപാവീതം ബാങ്കിൽ നിക്ഷേപിച്ചു വരുന്നു. സ്വയം



തൊഴിൽ ചെയ്യുന്നതിനായി 11 അംഗങ്ങൾക്ക് 1,10,000 രൂപ പിൻവ ലിച്ചു നൽകി.

**തൊഴിൽകാര്യ കമ്മീഷൻ:**

**കെ.എൽ.എം. ഫെറോന ജനറൽ ബോഡി:** മാർച്ച് 10 ന് വെള്ളയ മ്പലം റ്റിഎസ്എസ്എസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. കെ.എൽ.എം ഇടവക സെക്രട്ടറിമാർ ഒരു വർഷത്തെ ഇടവകാ പ്രവർത്തന റിപ്പോർട്ടുകൾ അവനതരിപ്പിച്ച് വിലയിരുത്തൽ നട ത്തി. ലേബർ സൺഡേ ദിനാചരണം, തൊഴിലാളി ദിനാഘോഷം എന്നിവ ഇടവകകളിൽ നടത്തണമെന്ന് നിർദ്ദേശിച്ചു 24 അംഗങ്ങൾ പങ്കെടുത്തു.

ഫെറോനതല യോഗങ്ങൾ പ്രതിമാസം രണ്ടാം ശനിയാഴ്ചകളിൽ നടന്നുവരുന്നു. രൂപതാ തലത്തിൽ സംഘടിപ്പിച്ച കെട്ടിട നിർമ്മാണ തൊഴിലാളി പ്രാദേശിക സമിതി രൂപീകരണത്തിൽ ഫെറോനയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. വിവിധ ഇടവകകളിൽ നിന്നും 95,000 രൂപ നിക്ഷേപലോൺ നൽകി.

**ആരോഗ്യകാര്യ കമ്മീഷൻ:**

തൈക്കാട് ഇടവകയിൽ പ്രതിമാസം വയോമിത്രം ക്യാമ്പ് നടത്തി വരുന്നു. സൗജന്യമെഡിക്കൽ ചെക്കപ്പ്, മരുന്ന് വിതരണം എന്നിവ നടത്തുന്നു.

ഏപ്രിൽ 8 ന് ഫെറോനതലത്തിൽ ലോകാരോഗ്യ ദിനാഘോഷം സംഘടിപ്പിച്ചു. ഡോ.സി.രാജൻ ലോകാരോഗ്യ ദിന സന്ദേശം നൽകി ഡോ.ബാബു മാത്യു ജീവിതശൈലി ബോധവത്ക്കരണ ക്ലാസ് എടുത്തു. 98 അംഗങ്ങൾ പങ്കെടുത്തു.

മണക്കാട്, നന്തൻകോട് ഇടവകകളിൽ സ്വസ്തി ഫൗണ്ടേ ഷന്റെ സഹകരണത്തോടെ സൗജന്യ ക്യാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. 112, 34 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു. കാച്ചാണി ഇടവകയിൽ കാരക്കോണം മെഡിക്കൽ കോളേജിന്റെ

സഹകരണത്തോടെ സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് നടത്തി. 104 പേർ പങ്കെടുത്തു.

ഏപ്രിൽ മാസം മലമുകൾ ഇടവകയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്, ബ്ലഡ് ഡൊണേഷൻ ക്യാമ്പ് എന്നിവ നടത്തി. 12 പേർ ബല്ഡ് ഡൊണേറ്റ് ചെയ്തു. 60 ഓളം പേർ ക്യാമ്പിൽ പങ്കെടുത്തു,

മലമുകൾ ഇടവകയിൽ പ്രതിമാസം 16 രോഗികൾക്ക് ചികിത്സാസഹായമായി 1000 രൂപാ വീതം 16000 രൂപ നൽകി വരുന്നു. രൂപത നടത്തിയ കേശദാനം പരിപാടിയിൽ ക്യാൻസർ രോഗികൾക്കായി ഫെറോനയിൽ നിന്നും 18 അംഗങ്ങളെ പങ്കെടുപ്പിച്ചു കേശദാനം നൽകി.

ഫെറോനയിലെ എസ്.എൽ.എഫ് കുട്ടികളുടെ ഭവനം ആനിമേറ്റർ സന്ദർശിച്ചു. 4 കുട്ടികൾക്ക് 3000 രൂപാ വീതം 12000 രൂപ നൽകുകയും ചെയ്തു. നന്തൻകോട് ഇടവകയിൽ നിന്നും പുതിയ ഒരു അപേക്ഷ സ്വീകരിച്ചു.

**സ്ത്രീകളും കുട്ടികളും കമ്മീഷൻ:**

വെള്ളയമ്പലം ഇടവകയിൽ 10 വിധവകൾക്ക് പ്രതിമാലം 500 രൂപാ വീതം 5000 രൂപ നൽകി വരുന്നു.

പാളയം ഇടവകയിൽ 'കുടുംബ ഐക്യത്തിലും ശിഥിലീകരണത്തിലും സ്ത്രീകളുടെ പങ്ക്' എന്ന വിഷയത്തിന്മേൽ ആൾസെയിന്റ്സ് കോളേജ് കൗൺസിലർ സി.സബീന ക്ലാസെടുത്തു. 40 വനിതകൾ പങ്കെടുത്തു.

**ചൈൽഡ് പാർലമെന്റ്**

പ്രതിമാസം ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നുവരുന്നു.

പുതുതായി പാളയം ഇടവകയിൽ ഒരു ചൈൽഡ് പാർലമെന്റ് രൂപീകരിച്ചു.

പരീക്ഷയ്ക്ക് എങ്ങനെ ഒരുങ്ങാം, പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശ



ങ്ങൾ, മനുഷ്യക്കടത്ത് എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് ബോധവത്ക്കരണം നൽകി.

മലമുകൾ ഇടവകയിൽ പ്രതിമാസം കുട്ടികൾ പൊതിച്ചോറ് ശേഖരിച്ച് വിളപ്പിൽശാല ആശ്വാസ് ഭവനിലെ മാനസികരോഗികൾക്കും നിർദ്ധനരായവർക്കും നൽകി വരുന്നു.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ**

പാളയം ഇടവകയിൽ യുവജനങ്ങൾക്കായി ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് നടത്തി. ട്രിവാൻഡ്രം വിജിലൻസ് ഓഫീസർ ശ്രീ.റ്റി.രാമചന്ദ്രൻ ക്ലാസ് നയിച്ചു. ക്ലാസിൽ 40 പേർ പങ്കെടുത്തു.

വെള്ളയമ്പലം ഇടവകയിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ നാടകം "പാഠം ഒന്ന് ഒരു മദ്യപാനിയുടെ ആത്മകഥ" ജനമൈത്രി പോലീസിന്റെ സഹകരണത്തോടെ നടത്തി.

ക്രിസ്തുരാജപുരം ഇടവകയിൽ പുതുതായി മദ്യവിരുദ്ധ സമിതി രൂപീകരിച്ചു.

**ഗ്രാമദീപം 2018**

റ്റിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ മലമുകൾ വി.സെബസ്ത്യാനോസ് ദേവാലയവും മണലയം മലങ്കര സെന്റ് ആന്റണീസ് ദേവാലയവും സംയുക്തമായി 2018 ഏപ്രിൽ 8-ാം തീയതി മുതൽ 15-ാം തീയതി വരെ ലഹരി വിരുദ്ധ ക്യാമ്പയിൻ -ഗ്രാമദീപം 2018 സംഘടിപ്പിച്ചു. പ്രസിതുത പരിപാടിയുടെ ഉദ്ഘാടനകർമ്മം മുൻ കെപിസിസി പ്രസിഡന്റ് ശ്രീ വി.എം സുധീരൻ നിർവഹിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ സെമിനാറുകൾ, തെരുവ് നാടകം, മാജിക്ക് ഷോ, എക്സിബിഷൻ, ഷോർട്ട് ഫിലിം പ്രദർശനം കലാപിരിപാടികൾ എന്നിവ നടത്തി. ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി അസി.ഡയറക്ടർ റവ.ഫ.ഡോണി.ഡി. പോൾ സമൂഹദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. സമാപന പൊതു സമ്മേളനത്തിന്റെ ഉദ്ഘാടനം എം.എൽ.എ ശ്രീ.കെ.മുരളീ

ധരൻ നിർവഹിച്ചു. റവ. ഫാ.ലെനിൻരാജ്. റ്റി അധ്യക്ഷത വഹിക്കുകയും വാർഡ് കൗൺസിലർ ശ്രീ.റ്റി.ബാലൻ ആശംസാപ്രസംഗം നടത്തുകയും ചെയ്തു.

| | |
|---|---|
| **ഫാ. ലെനിൻരാജ്** | **രമ്യാ ജോസ്** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## വലിയതുറ ഫെറോന

റ്റിഎസ്എസ്എസ് ഫെറോന ജനറൽ ബോഡി യോഗം ഫെബ്രുവരി 8 ന് കൂടി. ഇടവക/ഫെറോന പ്ലാൻ & ബഡ്ജറ്റിനെ കുറിത്ത് ക്ലാസ് നൽകി. 39 അംഗങ്ങൾ പങ്കെടുത്തു.

മാർച്ച് 4 ന് കൂടിയ റ്റിഎസ്എസ്എസ് എക്സിക്യൂട്ടീവ് യോഗത്തിൽ റ്റിഎസ്എസ്എസ് സെക്രട്ടറിമാർ ഇടവക പ്ലാൻ & ബഡ്ജറ്റിന്റെ കരട് അവതരിപ്പിച്ചു. 7/10 അംഗങ്ങൾ പങ്കെടുത്തു. മാസത്തിന്റെ ആദ്യ ശനിയാഴ്ചകളിൽ ഫെറോന പ്രവർത്തകരുടെ കൂടിവരവ് നടന്നു.

ഇടവകതലങ്ങളിലെ യോഗം ഫെബ്രുവരിയിൽ 10/10 ഇടവകകളിലും മാർച്ചിൽ 6/10 ഇടവകയിലും നടന്നു.

**എസ്എച്ച്ജി കളും സാമ്പത്തിക ഉന്നമനവും:** ഫെബ്രുവരി 10 മാർച്ച് 10 എന്നീ ദിവസങ്ങളിൽ ഫെറോന എസ്എച്ച്ജി യോഗം കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഇടവകതല ഫെഡറേഷൻ യോഗങ്ങൾ 5/6 നടന്നു.

**ഫെറോനതല വനിതദിന ആഘോഷം**: മാർച്ച് 20 തോപ്പ് ഇടവകയിൽ ഫെറോനതല വനിതദിനം നടന്നു. റ്റിഎസ്എസ്എസ് കോർഡിനേറ്റർ ശ്രീമതി ഫാ.പോൾ.ജി, രൂപത എസ്എച്ച്ജി കോർഡിനേറ്റർ ശ്രീമതി അന്നറീറ്റ എന്നിവർ ആശംസകൾ അർപ്പിച്ചു. വെട്ടു



കാട്, കൊച്ചുവേളി, കണ്ണാന്തുറ, തോപ്പ് എന്നീ സ്ഥലങ്ങളിലെ 7 എസ്എച്ച് ജി കൾക്ക് 5 ലക്ഷം രൂപ നിക്ഷേപ ലോൺ നൽകി.

**സേവ് എ ഫാമിലി**: 41 കുടുംബങ്ങൾ നിലവിൽ ഉണ്ട്. ഈ കാലയളവിൽ 15 അംഗങ്ങൾ 1,61,000 രൂപ ഓരോരുത്തരുടെയും അക്കൗണ്ടിൽ നിന്നും പിൻവലിച്ചു.

**മത്സ്യവിപണനസ്ത്രീഫോറം**: 218 അംഗങ്ങൾ ഈ ഫോറത്തിൽ നിലവിൽ ഉണ്ട്. മാർച്ച് 11 ന് മത്സ്യവിപണനസ്ത്രീകൾ ഫെറോനതലത്തിൽ വനിതദിനം ആഘോഷിച്ചു. 70 അംഗങ്ങൾ പങ്കെടുത്തു. വലിയതുറ, വെട്ടുകാട് എന്നീ ഇടവകയിലെ 47 അംഗങ്ങൾക്ക് 8,35000 രൂപ വായ്പ നൽകി. ഫെറോനയിലെ 59 മത്സ്യ വിപണന സ്ത്രീകൾക്ക് വെയിൽ സംരക്ഷണ കുട നൽകി.

**മത്സ്യതൊഴിലാളിഫോറം**: ചെറിയതുറ, തോപ്പ്, കണ്ണാന്തുറ, കൊച്ചുവേളി എന്നീ 4 ഇടവകയിൽ ഫോറം പ്രവർത്തിക്കുന്നു. ഫെബ്രുവരി 4 നു കൂടിയ ഫെറോനയോഗത്തിൽ ഫെറോന പ്രസിഡന്റ് ശ്രീ ജോർജ്ജുകുട്ടിയെ തെരഞ്ഞെടുത്തു. 17 അംഗങ്ങൾ പങ്കെടുത്തു.

**ഓഖി ദുരിതബാധിതർക്കുള്ള പ്രവർത്തനങ്ങൾ**: ഈ ഫെറോനയിൽ മരിച്ചവരുടെയും കാണാതായവരുടെയും 15 ഭവനങ്ങൾ സന്ദർശിച്ചു. 15 കുടുംബത്തിലെയും അംഗങ്ങൾക്ക് 25000 രൂപയുടെ ചെക്ക് നൽകി. തിരികെ വന്നവർക്കുള്ള ധനസഹായത്തിനായി 12 പേരുടെ ബാങ്ക് അക്കൗണ്ടിന്റെ കോപ്പിയും തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് ധനസഹായത്തിനായുള്ള രേഖകളും രൂപതയിൽ എത്തിച്ചു.

**കാൻസർ ദിനാചരണവും ബോധവൽക്കരണ ക്ലാസ്:** കാൻസർ ദിനത്തോടനുബന്ധിച്ച് രൂപതയിൽ നടത്തിയ കേശദാന പരിപാടിയിൽ 2 അംഗങ്ങൾ കേശദാനം നൽകി. മാർച്ച് 20 ഡോ.ശോഭ മാത്യു – ഓറൽ കാൻസർ, ബ്രസ്റ്റ് കാൻസർ, ഗർഭാശയ കാൻസർ

എന്നിവയെക്കുറിച്ച് സ്ലൈഡ് ഷോയിലൂടെ ക്ലാസ് നൽകി. 60 അംഗങ്ങൾ പങ്കെടുത്തു.

**പാലിയേറ്റീവ് വിസിറ്റ്:** മാർച്ച് 27 ന് ഹെൽത്ത് ആനിമേറ്റർ 8 രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് പരിചരണം നൽകി.

**എസ്എൽഎഫ് ഫണ്ട് വിതരണം**: മാർച്ച് 11 ന് കണ്ണാന്തുറ കൊച്ചുപള്ളിയിൽ ഫെറോന കോർഡിനേറ്റർ ഫാ.പോൾ ജിയുടെ സാന്നിധ്യത്തിൽ 12 കുട്ടികൾക്ക് 31800 രൂപ നൽകി.

**ബോധവൽക്കരണ ക്ലാസ്**: മാർച്ച് 4 ന് കൊച്ചുതോപ്പ് ഇടവകയിലുള്ള മതബോധന വിദ്യാർത്ഥികൾക്ക് എക്സൈസ് ഓഫീസർ ഷിബു സാർ മദ്യവും മറ്റ് ലഹരിവസ്തുക്കളുടെ ദൂഷ്യങ്ങളും എന്നിവയെക്കുറിച്ച് കുട്ടികൾക്ക് ബോധ്യം നൽകി. 170 വിദ്യാർത്ഥികൾ പങ്കെടുത്തു.

**ഫാ. പോൾ.ജി** — **ഷീജ.റ്റി.കെ**
കോഓർഡിനേറ്റർ — ആനിമേറ്റർ





# കെ.എൽ.സി.ഡബ്ല്യു.എ യുടെ പ്രതിഷേധ കൂട്ടായ്മ

ഇന്ത്യയിലെ പെൺകുട്ടികൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെ തിരെ അല്മായ ശുശ്രൂഷാ ഡയറക്ടർ ശ്രീ.എം ആർക്കാഞ്ചലൊയുടെ നേതൃത്വത്തിൽ കേരള ലാറ്റിൻ കാത്തലിക് വിമൻസ് അസോസിയേഷൻ അതിരൂപതാ സമിതി 20.04.2018 ന് പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ നിന്നും രക്തസാക്ഷി മണ്ഡപത്തിലേയ്ക്ക് മെഴുകുതിരി കത്തിച്ചുകൊണ്ട് പ്രതിഷേധ റാലി സംഘടിപ്പിച്ചു. രക്തസാക്ഷി മണ്ഡപത്തിൽ നടന്ന പ്രതിഷേധ കൂട്ടായ്മ അഭിസംബോധന ചെയ്തുകൊണ്ട് മുട്ടട സെന്റ് ആൻസ് കോൺവന്റ് പ്രൊവൻഷ്യൽ സിസ്റ്റർ മേരിക്കുട്ടി സംസാരിച്ചു. എട്ടും പൊട്ടും തിരിയാത്ത പിഞ്ചുകുഞ്ഞുങ്ങളെ പിച്ചിച്ചീന്തുന്നവരുടെ മനസ്സ് മൃഗങ്ങളേക്കാൾ ക്രൂരമാണെന്ന് അവർ പറഞ്ഞു. എട്ടുവയസ്സുകാരിയുടെ നിഷ്കളങ്കമായ ചിരി കണ്ടിട്ടും മനം പൊട്ടിയുള്ള കരച്ചിൽ കേട്ടിട്ടും നിഷ്ഠൂരമായി അവളെ ഉപദ്രവിച്ചവരെ നിയമത്തിനു മുന്നിൽ കൊണ്ടു വന്ന് ശിക്ഷിക്കുന്നതുവരെ പ്രതിഷേധം തുടരുമെന്ന് കെ.എൽ.സി.ഡബ്ല്യു.എ പ്രസിഡന്റ് ശ്രീമതി ഷേർളി ജോണി പറഞ്ഞു. ജനറൽ സെക്രട്ടറി ശ്രീമതി മേരിപുഷ്പം, ട്രഷറർ ഈഡിത്ത് ഇഗ്നേഷ്യസ്, മെർളിൻ ഡി.സിൽവ, അൽഫോൻസാ മാത്യു തുടങ്ങിയവർ പങ്കെടുത്തു.

**ആർട്ടിസ്റ്റ് ഫോറത്തിന്റെ നേകൃത്വത്തിൽ ചിത്രരചനാ ക്യാമ്പ്**

ആർട്ടിസ്റ്റ് ഫോറത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ഫെറോനകളിൽ ചിത്രരചന ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഫോറം പ്രസിഡന്റ് റ്റി.എഫ് ജോണിന്റെ അധ്യക്ഷതയിൽ 19.04.2018 ൽ ചേർന്ന യോഗം തീരുമാനിച്ചു. അല്മായ ശുശ്രൂഷാ ഡയറക്ടർ എം.ആർക്കാഞ്ചലോ, മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ.ദീപക്

ആന്റോ, സാമൂഹ്യ ശുശ്രൂഷാ അസി.ഡയറക്ടർ ഫാ.ഡോണി എന്നിവരും കലാകാരന്മാരും യോഗത്തിൽ പങ്കെടുത്തു. 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ 30 കുട്ടികൾക്കാണ് ക്യാമ്പിൽ പങ്കെടുക്കാനാവുക. കലാകാരന്മാരായ വില്യം പതിപ്പിച്ച (പുല്ലുവിള(, വർഗ്ഗീസ് ജോർജ്ജ് (വലിയതുറ), സജിത് മെഡി (പുതുക്കുറിച്ചി) എന്നിവരെ അതാതു ഫെറോനകളിലെ കോ-ഓർഡിനേറ്റർമാരായി നിശ്ചയിച്ചു.

മദ്യവർജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി മൂന്നു ദിവസത്തെ ചിത്രകലാരചനാ ക്യാമ്പ് സംഘടിപ്പിക്കുവാൻ കോ-ഓർഡിനേറ്ററായി വർഗ്ഗീസ് ജോർജ്ജിനെ നിശ്ചയിച്ചു. രചനകൾ എക്സിബിഷനായി മുക്തി ലഹരിവിമോചന ക്യാമ്പിലും മൊബൈൽ പ്രദർശനമായും നടത്താനും യോഗം തീരുമാനിച്ചു. ഫാറത്തിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താനും തീരുമാനിച്ചു.

**സമന്വയ ബുള്ളറ്റിനിലെ**
**പ്രസിദ്ധീകരണത്തിന്**

ജൂൺ മാസത്തെ പ്രസിദ്ധീകരണത്തിനുള്ള ഇനങ്ങൾ മെയ് 24 നകം ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.